മലയാളം മിഷൻ
MALAYALAM MISSION

പ്രവാസി മലയാളികൾക്കായുള്ള
മലയാള ഭാഷാപാഠ്യപദ്ധതി

കേരള സർക്കാർ

# കണിക്കൊന്ന

## കൈപ്പുസ്തകം

(ഭാഗം 3, 4)



Printed and Published by **The Director, Malayalam Mission**
Department of Cultural Affairs, Government of Kerala, Printed at KBPS, Kochi

കേരള സർക്കാർ

മലയാളം മിഷൻ
MALAYALAM MISSION

പ്രവാസി മലയാളികൾക്കായുള്ള
മലയാള ഭാഷാപാഠ്യപദ്ധതി

കണിക്കൊന്ന

കൈപ്പുസ്തകം

(ഭാഗം 3, 4)



# കണിക്കൊന്ന

## സർട്ടിഫിക്കറ്റ് കോഴ്സ്

## കൈപ്പുസ്തകം

(ഭാഗം 3, 4)

മലയാളം മിഷൻ

സാംസ്കാരികകാര്യ വകുപ്പ്, കേരള സർക്കാർ
2020



**കണിക്കൊന്ന**

പ്രവാസിമലയാളികൾക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സ്
കൈപ്പുസ്തകം (ഭാഗം 3, 4)

**മലയാളം**

ജൂൺ 2021 : ആദ്യപ്രസിദ്ധീകരണം (പരിഷ്കരിച്ചത്)

തയാറാക്കിയത് : മലയാളം മിഷൻ റിസോഴ്സ് ഗ്രൂപ്പ്
ലേ-ഔട്ട് : അജയ്‌ലാൽ പി.പി.
കവർ ഡിസൈൻ : സഹജൻ വി.എം.
അച്ചടി : കേരളാ ബുക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി

കോപ്പി - 1000 (സൗജന്യ വിതരണത്തിന്)

©
മലയാളം മിഷൻ
സാംസ്കാരികകാര്യവകുപ്പ്, കേരള സർക്കാർ

# സ്നേഹപൂർവം

‘എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം’ - സ്വപ്നസദൃശമായ ഒരാശയമാണിത്. ഈ മഹത്തായ ലക്ഷ്യം മുൻനിർത്തിയുള്ള മലയാളം മിഷന്റെ യാത്രയിലെ പ്രധാന ഘടകമാണ് മലയാളം മിഷന്റെ പാഠ്യപദ്ധതി. ലോകത്ത് എല്ലായിടത്തും മലയാളി പ്രവാസമുണ്ട്. വ്യത്യസ്ത ഭാഷയിലും സംസ്കാരത്തിലും ജീവിതായോധനത്തിലും വേരുറപ്പിക്കാൻ ശ്രമിക്കുന്ന പ്രവാസികളുടെ പുതുതലമുറയ്ക്കായി മാതൃഭാഷയിൽ പാഠങ്ങൾ ഒരുക്കുമ്പോൾ ശാസ്ത്രീയതും സർഗാത്മകതയും ഒത്തിണങ്ങി ചേരേണ്ടതുണ്ട്.

മാതൃഭാഷാപഠനം എന്നാൽ സാധാരണ ഒരു ഭാഷാപഠനത്തിന്റെ ചട്ടക്കൂടിൽ ഒതുക്കി നിർത്താനാകില്ല. മാതൃഭാഷ പഠിപ്പിച്ചു കൊടുക്കേണ്ടതല്ല. തലമുറയിൽനിന്ന് തലമുറയിലേക്ക് പകർന്നു കൊടുക്കേണ്ടതാണ്. ആ അനസ്യൂതിയിൽ നാടിന്റെ സമഗ്രഭാവങ്ങളുടെയും ശേഖരം ഉണ്ടാകണം. ചരിത്രം, സംസ്കാരം, ഭൂപ്രകൃതി, സസ്യജന്തുജാലങ്ങൾ, കാലാവസ്ഥ തുടങ്ങിയവയുടെയെല്ലാം ലയമുണ്ടാകണം. അതെല്ലാം സാധ്യമായാലും മലയാളം മിഷൻ പാഠ്യപദ്ധതി നിർവ്വഹണത്തിൽ പിന്നെയും ഒരു വെല്ലുവിളി അവശേഷിക്കുന്നു. പാഠങ്ങൾ ഒന്നാകുമ്പോഴും ഓരോ നാട്ടിലും ആ നാടിന് പാകമായ തരത്തിൽ പാഠാന്തരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇത്തരം ആന്തരിക പാഠങ്ങൾ ഒരുക്കി എടുക്കേണ്ടത് അതാതിടങ്ങളിലെ അധ്യാപകരാണ്. ഇത്തരം ചിന്തകളുടെ അടിസ്ഥാനത്തിലാണ് പാഠപുസ്തക പരിഷ്കരണത്തിന്റെ ആദ്യശിൽപ്പശാലകളിൽ പ്രവാസി മലയാളി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തിയത്.

മനുഷ്യ ജീവിതത്തിന്റെ ഭാവുകത്വം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ഈ മാറ്റം ഒരു ഒപ്പുകടലാസുപോലെ ആദ്യം ഒപ്പി എടുക്കുന്നത് ഭാഷയാണ്. അതിനാൽ ഭാഷാപാഠപുസ്തകങ്ങളും കാലാകാലങ്ങളിൽ പരിഷ്കരിക്കപ്പെടേണ്ടതാണ്. പുതിയ കാല ഭാഷാസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ ‘കണിക്കൊന്ന’യുടെ 3 ഉം 4 ഉം ഭാഗങ്ങളുടെ കൈപ്പുസ്തകമാണ് പ്രവാസി സമൂഹത്തിനായി സമർപ്പിക്കുന്നത്.

**പ്രൊഫ. സുജ സൂസൻ ജോർജ്ജ്**
ഡയറക്ടർ, മലയാളം മിഷൻ

# ഉള്ളടക്കം





ആമുഖം ........................................ V

ഭാഗം 3



1 പറന്നുവന്ന വിരുന്നുകാരി ........................ 14



2 മഴയോടു മഴ ........................ 20



3 വീണ്ടും വരാം ........................ 26




4 പൂക്കാലച്ചന്തം ........................ 32

ഭാഗം 4



1 പിറന്നാൾ സമ്മാനം ........................ 40



2 നമ്മെ നയിച്ചവർ ........................ 48



3 ദൂരം താണ്ടാം ........................ 54



4 കഥ പറയുന്ന വസ്ത്രങ്ങൾ ........................ 62



# ആമുഖം

പുറംമലയാളികൾക്കു സ്വന്തം ഭാഷ പഠിക്കുന്നതിനായി രൂപംകൊടുത്ത പാഠ്യപദ്ധതിയുടെ വിശദാംശങ്ങളാണ് ഈ കൈപ്പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. നാലു കോഴ്സുകളിലായി പത്തുവർഷം നീണ്ടുനിൽക്കുന്ന ഭാഷാപഠനമാണ് ഈ പാഠ്യപദ്ധതി നിർദേശിക്കുന്നത്. പാഠ്യപദ്ധതിയുടെ നിർമാണത്തിലും ഉള്ളടക്കത്തിലും ശാസ്ത്രീയമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പാഠ്യപദ്ധതിനിർമാണത്തിൽ സ്വീകരിച്ചുവരുന്ന ഏറ്റവും ആധുനികമായ കാഴ്ചപ്പാടുകളാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ഈ കൈപ്പുസ്തകത്തോടൊപ്പം വിതരണം ചെയ്യുന്ന പാഠ്യപദ്ധതി സമീപനരേഖയിൽ നൽകിയിട്ടുണ്ട്. പ്രസക്തമായ ചില കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാം.

## എന്തിനു മലയാളം പഠിക്കണം?

പുറം കേരളത്തിലെ മലയാളി കുട്ടികൾ എന്തിന് മലയാളം പഠിക്കണം? ഈ ചോദ്യത്തിന് പ്രവാസിമലയാളി സമൂഹം നൽകുന്ന ഉത്തരം ഇങ്ങനെ: “എന്റെ നാടിന്റെ സംസ്കാരവും മാതൃഭാഷയും എന്റെ കുട്ടികൾ അറിഞ്ഞിരിക്കണം.” തികച്ചും ലളിതമായ ഉത്തരം. പക്ഷേ, ഈ ഉത്തരത്തിന് നൽകാവുന്ന വിശദീകരണമിങ്ങനെ:

- ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങൾ കേട്ടും വായിച്ചും തന്റേതായ രീതിയിൽ ആശയം മനസ്സിലാക്കുന്നതിനുള്ള കഴിവു നേടുക.



- സ്വന്തം ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ, ഭാവന എന്നിവ അനുയോജ്യമായ രൂപത്തിൽ മറ്റുള്ളവർക്കു മനസ്സിലാവുന്ന തരത്തിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കാനുള്ള കഴിവു നേടുക.
- മലയാളഭാഷയിലെ സർഗാത്മകകൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും അവയിൽനിന്നു സ്വാംശീകരിക്കുന്ന സംസ്കാരം ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതിനുമുള്ള കഴിവു നേടുക.
- മലയാളഭാഷ തന്റെ ജന്മനാടിന്റെ പാരമ്പര്യത്തിന്റെ ഭാഗമാണെന്നു തിരിച്ചറിഞ്ഞ് അതിലൂടെ നാടിന്റെ സംസ്കാരത്തെ ഉൾക്കൊള്ളുന്നതിനും സ്വത്വബോധം വികസിപ്പിക്കുന്നതിനുമുള്ള കഴിവു നേടുക.

ഇവ സാക്ഷാൽക്കരിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ എങ്ങനെയുള്ളതായിരിക്കണം?

## എങ്ങനെയാവണം ഭാഷാപഠനം?

കുട്ടികൾ ജനിച്ച നാൾ മുതൽ എങ്ങനെയാണോ മാതൃഭാഷ പഠിക്കുന്നത്, ആ രീതിയുടെ പ്രത്യേകതകൾ ഉപയോഗപ്പെടുത്തിവേണം ഭാഷാപഠനാനുഭവങ്ങൾ രൂപപ്പെടുത്തേണ്ടത്. ജന്മസിദ്ധമായ ചിന്താശേഷികളും ഭാഷാപഠനശേഷികളും ഉപയോഗപ്പെടുത്തിയാണ് ഓരോ കുട്ടിയും ഭാഷ പഠിക്കുന്നത്. ആ കഴിവുകൾ ഉപയോഗപ്പെടുത്തുന്ന പഠനാനുഭവങ്ങളാണ് പാഠ്യപദ്ധതിയിൽ കുട്ടികൾക്കായി ഒരുക്കിയിട്ടുള്ളത്. അവയുടെ പ്രത്യേകതകൾ ഇങ്ങനെ:

- കുട്ടിക്ക് രസകരമായി അനുഭവപ്പെടുന്നതും സ്വന്തം ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ടതുമാകണം.
- കുട്ടിക്ക് സ്വയം ഏറ്റെടുക്കാവുന്നതും ബുദ്ധിപരമായ വെല്ലുവിളി ഉയർത്തുന്നതുമായിരിക്കണം.
- കുട്ടിയുടെ യുക്തിചിന്തയെ പ്രോത്സാഹിപ്പിക്കുന്നതും ഭാവനയും സർഗാത്മകതയും വളർത്തുന്നതുമാകണം.
- സ്വയം വിലയിരുത്തലിനും പരസ്പരവിലയിരുത്തലിനും സാധ്യതകളുള്ളതും തുടർപ്രവർത്തനങ്ങളിലേക്കു നയിക്കുന്നതുമാകണം.
- പാഠപുസ്തകങ്ങൾക്കു പുറമേ പത്രങ്ങളും മാസികകളും പുസ്തകങ്ങളും വിവരസാങ്കേതികവിദ്യയും പ്രയോജനപ്പെടുത്താൻ സാധ്യതയുള്ളതാവണം.

ഈ സവിശേഷതകളുള്ള പഠനസങ്കേതങ്ങളാണ് പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ ചിലത്

- ഭാഷാകേളികൾ
- രചനാപ്രവർത്തനങ്ങൾ
- പ്രോജക്ട്
- പതിപ്പുനിർമാണം
- കൈയെഴുത്തുമാസിക


- നാടകീകരണം
- സിനിമ, ടെലിവിഷൻ, മറ്റു നവമാധ്യമങ്ങൾ
- സംവാദം
- സെമിനാർ
- പാനൽ ചർച്ച
- സാഹിത്യസമാജങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ
- ഭാഷ, ചരിത്രം, സംസ്കാരം എന്നിവയുടെ താരതമ്യപഠനവും വിമർശനാത്മക പഠനവും

(വിശദവിവരങ്ങൾക്ക് സമീപനരേഖ കാണുക).

## എന്തു പഠിക്കണം?

നിത്യജീവിതത്തിൽ നാം ഭാഷ ഉപയോഗിക്കുന്നത് സംഭാഷണം, കത്ത്, ചർച്ച, വാർത്ത, കഥ, കവിത തുടങ്ങിയ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെയാണല്ലോ. അവയിലൂടെ മാത്രമേ ഭാഷയ്ക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഭാഷാപഠനം നടക്കേണ്ടത് വിവിധ വ്യവഹാര രൂപങ്ങളുടെ സ്വീകരണത്തിലൂടെയും പ്രയോഗത്തിലൂടെയുമാണ്.
പത്തുവർഷത്തെ ഭാഷാപഠനത്തിനുള്ളിൽ കുട്ടി പ്രാവീണ്യം നേടേണ്ട ഭാഷാവ്യവഹാര രൂപങ്ങൾ ഇങ്ങനെ പട്ടികപ്പെടുത്താം:

| | |
|---|---|
| സംഭാഷണം | ചർച്ച |
| സംവാദം | വിവരണം, വർണ്ണന |
| പ്രസംഗം | കവിത, നാടൻപാട്ടുകൾ, സിനിമാഗാനം |
| കഥ | നാടകം, തിരക്കഥ |
| കുറിപ്പ് | നിരൂപണം, വിമർശനം, മൊഴിമാറ്റം |
| ആസ്വാദനം | ഉപന്യാസം, സംഗ്രഹം |
| കത്ത് | അപേക്ഷ |
| നിവേദനം | ഡയറി |
| നോട്ടീസ് | ബ്രോഷർ |
| പോസ്റ്റർ | വാർത്ത |
| കടങ്കഥ | പഴഞ്ചൊല്ലുകൾ |
| ശൈലികൾ | തത്സമയവിവരണം |
| | നവമാധ്യമ ഭാഷാരൂപങ്ങൾ |



പത്തുവർഷത്തെ പഠനത്തിലൂടെ ഈ വ്യവഹാരരൂപങ്ങളിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് പാഠ്യപദ്ധതിയുടെ ലക്ഷ്യം. അതുകൊണ്ട് കുട്ടികളുടെ പ്രായത്തിനും താൽപ്പര്യങ്ങൾക്കും അനുയോജ്യമായ രീതിയിൽ നാലു കോഴ്സുകളിലായി പഠനാനുഭവങ്ങൾ ഒരുക്കിയിട്ടുണ്ട്.



## ഉള്ളടക്കം


കേരളത്തിന്റെ ചരിത്രവും സംസ്കാരവുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങൾ കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്. എന്നാൽ, ഇവ വേറിട്ടു പഠിപ്പിക്കുന്നതിനല്ല പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. പകരം, ഭാഷാപഠനത്തിനുള്ള ആശയങ്ങളായി കേരളചരിത്രവും സംസ്കാരവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ പുറംനാട്ടിലെ സമാനമായ ആശയങ്ങളുമായി ബന്ധപ്പെടുത്തിയും താരതമ്യം ചെയ്തുമാണ് കുട്ടികൾ പഠിക്കേണ്ടത്. കേരളീയജീവിതവുമായി ബന്ധപ്പെട്ട ആറ് ആശയമേഖലകളിലായി ഇവ ക്രോഡീകരിച്ചിരിക്കുന്നു.

1. കേരളീയ കുടുംബ-സാമൂഹികജീവിതത്തിന്റെ സവിശേഷതകൾ, വികാസപരിണാമങ്ങൾ, സാമൂഹിക-സാമ്പത്തികബന്ധങ്ങൾ, അവ നേരിടുന്ന പ്രശ്നങ്ങൾ, ഇതര സമൂഹങ്ങളുമായുള്ള താരതമ്യം
2 കേരളീയമായ വസ്ത്ര-ഭക്ഷണ-പാർപ്പിടരീതികൾ, അവയുടെ വൈവിധ്യം, സവിശേഷതകൾ, വികാസപരിണാമങ്ങൾ, ഈ രംഗത്തു കാണുന്ന പ്രശ്നങ്ങൾ
3 കേരളീയകലകൾ, കളികൾ, അവയുടെ സവിശേഷതകളും ചരിത്രവും, കാലഹരണപ്പെട്ടുപോകുന്നവ, അതിന്റെ കാരണങ്ങൾ, ഈ രംഗത്തു കാണുന്ന തെറ്റായ പ്രവണതകൾ
4 കേരളീയ ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആചാരങ്ങൾ, അവയുടെ വൈവിധ്യം, സവിശേഷതകൾ, കേരളീയജീവിതത്തിന്റെ വളർച്ചയിൽ ഇവയുടെ സ്വാധീനം
5 കേരളീയപ്രകൃതി, വൈവിധ്യം, സവിശേഷതകൾ, അവയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ
6 കേരളനവോത്ഥാനമുന്നേറ്റങ്ങൾ, നായകർ, സ്വാതന്ത്ര്യസമരം, ജാതീയതയ്ക്കെതിരെയുള്ള പോരാട്ടം, കാർഷികസമരങ്ങൾ, വിവേചനങ്ങൾക്കെതിരായ സമരങ്ങൾ, സ്ത്രീ-പുരുഷസമത്വം, മതേതരത്തം

നാലു കോഴ്സുകളിലും ഈ ആശയമേഖലകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും കുട്ടികളുടെ പ്രായത്തിനും താൽപ്പര്യങ്ങൾക്കുമനുസരിച്ച് ഉള്ളടക്കം ക്രമീകരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

## കോഴ്സ് ഘടന

സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഹയർ ഡിപ്ലോമ, സീനിയർ ഹയർ ഡിപ്ലോമ എന്നീ നാലു കോഴ്സുകളാണ് പുറംമലയാളികൾക്കായുള്ള ഭാഷാപഠനത്തിനു നിശ്ചയിച്ചിരിക്കുന്നത്. സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ രണ്ടുവർഷം വീതവും ഹയർ ഡിപ്ലോമ, സീനിയർ ഹയർ ഡിപ്ലോമ കോഴ്സുകൾ മൂന്നു വർഷം വീതവുമാണ്. പത്തുവർഷം നീണ്ടുനിൽക്കുന്ന പഠനം പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ പത്താം ക്ലാസിന് തുല്യമായ നിലവാരത്തിലേക്ക് എത്തിച്ചേരാൻ കഴിയത്തക്ക രീതിയിലാണ് കോഴ്സിന്റെ ഘടന നിർദേശിച്ചിട്ടുള്ളത്.



സീനിയർ ഹയർ ഡിപ്ലോമ കോഴ്സിന്റെ ആദ്യ രണ്ട് യൂണിറ്റുകൾ ഒന്നാം വർഷവും മൂന്ന്, നാല് യൂണിറ്റുകൾ രണ്ടാംവർഷവും അഞ്ച്, ആറ് യൂണിറ്റുകൾ മൂന്നാം വർഷവുമാണ് പ്രയോജനപ്പെടുത്തേണ്ടത്. ഓരോ വർഷാവസാനവും വാർഷികമൂല്യനിർണയം നടത്തുന്നതാണ്.

## പഠനസാമഗ്രികൾ

പഠനത്തെ സഹായിക്കുന്ന എന്തും പഠനസാമഗ്രികളാണ്. പുസ്തകങ്ങൾ, ആനുകാലികങ്ങൾ, നോട്ടീസുകൾ, ലഘുലേഖകൾ, കത്തുകൾ, ചാർട്ടുകൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വിവരവിനിമയ സാങ്കേതിക ഉപകരണങ്ങൾ തുടങ്ങിയവയെല്ലാം ഭാഷാപഠനത്തെ സഹായിക്കുന്നവയാണ്. പഠിതാവിന്റെ പ്രായത്തിനും മാനസികവളർച്ചയ്ക്കുമിണങ്ങുന്ന പഠനസാമഗ്രികളായിരിക്കണം ഉപയോഗിക്കേണ്ടത്. കുട്ടികൾക്ക് സ്വയമേവ കൈകാര്യം ചെയ്യാൻ കഴിയുന്നവയായിരിക്കണം പഠനസാമഗ്രികൾ. അധ്യാപിക സഹായി (ഫെസിലിറ്റേറ്റർ) മാത്രമായിരിക്കണം. ഒരു പഠനാനുഭവത്തിന് മാത്രം അനുയോജ്യമായ രീതിയിലുള്ള പഠനസാമഗ്രികൾ തയാറാക്കുന്നതിനേക്കാൾ ഊന്നൽ നൽകേണ്ടത് വ്യത്യസ്ത സന്ദർഭങ്ങൾക്കായി പ്രയോജനപ്പെടുത്താവുന്ന സാമഗ്രികൾ ആണ്.

## മൂല്യനിർണയം

പഠനപ്രക്രിയയുടെ അവിഭാജ്യഘടകമാണ് മൂല്യനിർണയം. ഇതു പഠനത്തോടൊപ്പംതന്നെ പുരോഗമിക്കുന്ന പ്രക്രിയയാണ്. നിരന്തരവും സമഗ്രവുമായ മൂല്യനിർണയമാണ് പാഠ്യപദ്ധതി ലക്ഷ്യമിടുന്നത്. പഠനപ്രക്രിയ വിലയിരുത്തൽ, പഠനത്തിന്റെ ഭാഗമായുണ്ടായ ഉൽപ്പന്നങ്ങൾ വിലയിരുത്തൽ എന്നീ രണ്ടു ഘട്ടങ്ങളുണ്ടിതിന് (വിശദവിവരങ്ങൾക്ക് സമീപനരേഖ പുറം 58 കാണുക).


## പഠനകേന്ദ്രങ്ങളിലെ പഠനം

പുറംമലയാളികളുടെ ഭാഷാപഠനത്തിനായി ജനകീയമായി രൂപപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് പഠനകേന്ദ്രങ്ങൾ. ഒരു പഠനകേന്ദ്രത്തിൽ നാലു കോഴ്സുകളിലെയും പഠനം നടക്കേണ്ടതുണ്ട്. നഗരങ്ങളിലായതുകൊണ്ട് സ്ഥലപരിമിതിയുടെ പ്രശ്നമുണ്ടെങ്കിലും അത്യാവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതാണ്. കുട്ടികൾക്ക് പഠനപ്രവർത്തനത്തിലേർപ്പെടാനുള്ള അനുകൂല അന്തരീക്ഷമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഇരിപ്പിട സൗകര്യങ്ങൾ, റഫറൻസ് സാമഗ്രികൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ എന്നിവയും പ്രവർത്തനവേളയിൽ ഇവിടെ ലഭ്യമാക്കാൻ ശ്രദ്ധിക്കണം.

പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുമെന്നുറപ്പാക്കേണ്ടതുണ്ട്. ഈ ദിവസങ്ങളിൽ ഓരോ കുട്ടിക്കും ചുരുങ്ങിയത് രണ്ടു മണിക്കൂറെങ്കിലും പഠനകേന്ദ്രത്തിൽ പഠനാനുഭവങ്ങൾ ലഭ്യമാക്കണം. ഈ അനുഭവങ്ങളുടെ വെളിച്ചത്തിലായിരിക്കണം തുടർന്നുള്ള ദിവസങ്ങളിൽ കുട്ടി വീട്ടിലുള്ള ഭാഷാപഠനം തുടരേണ്ടത്. പഠനത്തിനുള്ള ഏകകേന്ദ്രമെന്ന നിലയിലല്ല, മാർഗനിർദേശം നൽകുന്ന കേന്ദ്രം എന്ന നിലയിലാണ് പഠനകേന്ദ്രം പ്രവർത്തിക്കേണ്ടത്.

## അധ്യാപിക

ഒരു പഠനകേന്ദ്രത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കുന്നത് അധ്യാപകരാണ്. അവരുടെ പ്രവർത്തനമികവിനെ ആശ്രയിച്ചാണ് പഠനകേന്ദ്രത്തിന്റെ പുരോഗതി. അതുകൊണ്ടു തന്നെ ഇവർക്ക് നിരന്തര പരിശീലനവും അധ്യാപനസഹായിയായി കൈപ്പുസ്തകങ്ങളും പഠനകേന്ദ്രങ്ങളിലേക്ക് ആവശ്യമായ സാധനസാമഗ്രികളും നൽകേണ്ടതാണ്.



പാഠ്യപദ്ധതി സമീപനങ്ങൾക്കനുസൃതമായ പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് അധ്യാപികയിൽ അടിസ്ഥാനപരമായ ചില മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

- പഠിപ്പിക്കലല്ല ഇവിടെ പ്രധാനം, ഫലപ്രദമായ പഠനസാഹചര്യങ്ങൾ സൃഷ്ടിക്കലായിരിക്കണം.
- പഠനനേട്ടങ്ങൾ മുൻനിർത്തി മാറിയ പഠനസമീപനമനുസരിച്ച് താൻ പ്രവർത്തിക്കുന്ന പഠനകേന്ദ്രങ്ങളിലെ പഠിതാക്കളുടെ നിലവാരത്തിനും താൽപ്പര്യത്തിനും അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.
- ക്ലാസ്മുറി എന്നത് പരിമിതമായ സമയം ലഭ്യമാകുന്നതാകയാൽ മറ്റു തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ പ്രേരിപ്പിക്കുന്ന തരത്തിൽ പാഠാസൂത്രണം നടത്തണം.
- പഠനപ്രവർത്തനങ്ങൾ, സാമഗ്രികൾ എന്നിവ മുൻകൂട്ടി തയാറാക്കുകയും പഠനപ്രക്രിയയ്ക്ക് (ചിന്താശേഷികളുടെ പ്രയോഗത്തിന്) ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ നൽകുകയും വേണം.
- പഠനപ്രവർത്തനങ്ങളെ സുഗമമാക്കുന്ന വ്യക്തി എന്ന നിലയിൽ സജീവ പങ്കാളിത്തം വഹിക്കുന്ന സഹപഠിതാവായി മാറണം.
- നിരന്തരം സ്വയം വിലയിരുത്താനും മെച്ചപ്പെടുത്താനും ശ്രമിക്കുന്ന വ്യക്തിയാവണം. ഇതിനായി തനത് ഗവേഷണതന്ത്രങ്ങൾ പ്രയോജനപ്പെടുത്തി പുതിയ പഠനതന്ത്രങ്ങൾ രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

## പഠനം – രക്ഷാകർത്താവിന്റെ നേതൃത്വത്തിൽ

നാം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ പൂർത്തീകരിക്കുന്നതിന് പഠനകേന്ദ്രങ്ങളിലെ ഏതാനും സമയത്തെ ഭാഷാപഠനം പര്യാപ്തമാണോ? തീർച്ചയായും അല്ല. വീടുകളിൽനിന്നു ലഭിക്കുന്ന പഠനാനുഭവങ്ങൾക്ക് ഇവിടെ ഏറെ പ്രാധാന്യമുണ്ട്. മാതൃഭാഷാപഠനത്തിന് സുപ്രധാനമായ പങ്ക് എല്ലാ കാലത്തും വഹിച്ചിരുന്നത് വീടുകളിലെ അനൗപചാരികമായ പഠനാനുഭവങ്ങളാണല്ലോ.

ഇവിടെ അധ്യാപികയുടെ ചുമതല വഹിക്കേണ്ടത് രക്ഷാകർത്താവാണ്. പഠനകേന്ദ്രങ്ങളിൽനിന്നു നിർദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ പഠിതാവിനെ സഹായിക്കേണ്ടത് രക്ഷിതാവാണ്. അതോടൊപ്പംതന്നെ വീട്ടിലെ ഓരോ സന്ദർഭവും കുട്ടിയുടെ ഭാഷാപഠനത്തെ സഹായിക്കുന്നതാക്കി മാറ്റാൻ രക്ഷിതാവിനു കഴിയും. സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള ധാരാളം സന്ദർഭങ്ങൾ വീട്ടിൽ ലഭിക്കും.
അവ ഫലപ്രദമായി ഉപയോഗിക്കാൻ രക്ഷിതാവ് ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമായ മാർഗനിർദേശങ്ങൾ കൈപ്പുസ്തകത്തിൽനിന്നു ലഭിക്കും.



## പാഠപുസ്തകം

പഠനത്തിനുള്ള നിരവധി സാമഗ്രികളിലൊന്നായി പാഠപുസ്തകം മാറിക്കഴിഞ്ഞു. പാഠപുസ്തകങ്ങൾ കുട്ടിക്കായി നിർമിച്ചവയാണ്. കുട്ടികൾക്ക് സ്വന്തമായോ മുതിർന്നവരുടെ സഹായത്താലോ വായിക്കാവുന്നതരത്തിലുള്ളവയാണ് പാഠപുസ്തകങ്ങൾ.

ഇതിലെ പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്തു ചെയ്യാൻ കുട്ടിക്ക് കഴിയണം. എന്നാൽ പാഠപുസ്തകപഠനം കൊണ്ടുമാത്രം പഠനം പൂർത്തിയാവുന്നില്ല. പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന പഠനാനുഭവങ്ങളിൽ ചെറിയൊരു ശതമാനം മാത്രമാണ് പാഠപുസ്തക ത്തിൽ നിർദേശിച്ചിട്ടുള്ളത്. ശേഷിക്കുന്നവ കൈപ്പുസ്തകത്തിൽ നൽകുന്നതോ അധ്യാപിക സ്വയം നിർമിക്കുന്നതോ ആണ്.

## കൈപ്പുസ്തകം

ഭാഷാപഠനത്തിൽ കൈപ്പുസ്തകത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. കൈപ്പുസ്തകത്തിൽ എന്തൊക്കെ അടങ്ങിയിട്ടുണ്ടെന്നു നോക്കാം:

- പഠനനേട്ടങ്ങൾ
- ഇവ നേടാനായി ഉപയോഗപ്പെടുത്തുന്ന ആശയങ്ങൾ
- കുട്ടിക്ക് ലഭിക്കേണ്ട പഠനാനുഭവങ്ങൾ
- പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി അധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള മാർഗനിർദേശങ്ങൾ/പരിശീലനങ്ങൾ
- കുട്ടികൾക്കുള്ള അനുബന്ധ വായനസാമഗ്രികൾ
- അധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള റഫറൻസ് പാഠങ്ങൾ
- തുടർപ്രവർത്തനത്തിനുള്ള നിർദേശങ്ങൾ
- മൂല്യനിർണയം നടത്തുന്നതിനുള്ള നിർദേശങ്ങൾ

## കൈപ്പുസ്തകം ഉപയോഗിക്കേണ്ടത് എങ്ങനെ?


എട്ടു ഇതളുകളാണ് കൈപ്പുസ്തകത്തിലുള്ളത്. ഇതിന്റെ അടിസ്ഥാനം പാഠപുസ്തകത്തിലെ എട്ട് ഇതളുകളാണ്. കൈപ്പുസ്തകത്തിലെ ഓരോ ഇതളിലും അടങ്ങിയ ഘടകങ്ങൾ ഇവയാണ്:

**ഇതളിന്റെ ആമുഖം:** ഇതളിൽ ഉപയോഗിച്ചിരിക്കുന്ന ആശയങ്ങൾ, വ്യവഹാരരൂപങ്ങൾ, പഠനസങ്കേതങ്ങൾ എന്നിവ ആമുഖത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പഠനനേട്ടങ്ങൾ:** ഓരോ ഇതളിലെയും പഠനാനുഭവങ്ങളിലൂടെ കുട്ടി നേടേണ്ട പഠനനേട്ടങ്ങൾ പ്രസ്താവിച്ചിരിക്കുന്നു.

**പഠനാനുഭവങ്ങൾ:** പാഠപുസ്തകത്തിൽ നൽകിയതും അല്ലാത്തതു മായ പഠനാനുഭവങ്ങൾ അവയെങ്ങനെ സംഘടിപ്പിക്കാമെന്ന വിശദാംശങ്ങളോടെ നൽകിയിരിക്കുന്നു.

**സ്വയം വിലയിരുത്തൽ:** ഓരോ ഇതളിലെയും പഠനാനുഭവങ്ങൾക്കു ശേഷം അധ്യാപികയ്ക്ക് സ്വയം വിലയിരുത്തി രേഖപ്പെടുത്താനാണിത്. ഈ വിലയിരുത്തൽ തുടർന്നു നടക്കുന്ന പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ അധ്യാപികയെ സഹായിക്കുന്നു.



### പാഠാസൂത്രണം നടത്തുമ്പോൾ

- അധ്യാപിക/ രക്ഷിതാവ് ഇതളുകൾ പൂർണമായും വായിച്ചു മനസ്സിലാക്കിയിരിക്കണം.



- ഇതളിൽ നിർദേശിച്ചിരിക്കുന്ന പഠനനേട്ട ങ്ങൾക്കായി തന്റെ കുട്ടിക്കിണങ്ങുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി ക്രമീകരിക്കണം.
- കൈപ്പുസ്തകത്തിലെ പ്രവർത്തനങ്ങൾ പര്യാപ്തമല്ലെങ്കിൽ പുതിയ പ്രവർത്തനങ്ങൾ കണ്ടെത്താവുന്നതാണ്. ഇവ പഠനനേട്ടം ഉറപ്പിക്കാൻ സഹായിക്കുന്നതും നാം സ്വീകരിച്ചിരിക്കുന്ന പഠനസമീപനങ്ങൾക്ക് ഇണങ്ങുന്നതുമായിരിക്കണം.
- ഓരോ ദിവസവും സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ അധ്യാപിക ക്ലാസിനു മുമ്പുതന്നെ ചിട്ടപ്പെടുത്തിയെഴുതണം.
- പഠനാനുഭവങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ സാമഗ്രികൾ മുൻകൂട്ടി തയാറാക്കണം.

### പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ

- കുട്ടികളിൽ താൽപ്പര്യം ജനിപ്പിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ ശ്രദ്ധിക്കണം.
- ക്ലാസിൽ വ്യത്യസ്ത പഠനനിലവാരത്തിലുള്ള കുട്ടികളുണ്ടായേക്കാം. പഠനനിർദേശങ്ങൾ എല്ലാവർക്കും വ്യക്തമായി മനസ്സിലായെന്ന് ഉറപ്പുവരുത്തണം.
- പഠനാനുഭവങ്ങൾക്കിടയിൽ ആവശ്യമായ സന്ദർഭങ്ങളിൽ മാത്രം പാഠപുസ്തകം ഉപയോഗിക്കുക. പാഠപുസ്തകത്തിന് ഉചിതമായ പ്രാധാന്യമേ ക്ലാസ്മുറിയിൽ നൽകേണ്ടതുള്ളൂ.
- കൈപ്പുസ്തകത്തിൽ നൽകിയിരിക്കുന്ന കുട്ടികൾക്കുള്ള അനുബന്ധപാഠങ്ങൾ ചാർട്ടിലെഴുതിയോ പകർപ്പെടുത്തോ ക്ലാസിൽ ഉപയോഗിക്കുമല്ലോ.
- കുട്ടികൾ പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ ആവശ്യമായ സന്ദർഭങ്ങളിൽ നിർദേശങ്ങളും സഹായവും നൽകുക.
- കുട്ടികളുടെ സൃഷ്ടികൾ ക്ലാസിൽ അവതരിപ്പിക്കാനും ചർച്ചചെയ്യാനും അവസരം നൽകാൻ പരമാവധി ശ്രദ്ധിക്കുക. ക്ലാസിൽ അവതരിപ്പിക്കപ്പെടാതെ പോകുന്ന സൃഷ്ടികൾ അധ്യാപിക വ്യക്തിപരമായി പരിശോധിച്ച് പ്രോത്സാഹിപ്പിക്കാൻ മറക്കരുത്.
- കുട്ടികളുടെ പഠനപുരോഗതി, അവർ നേരിടുന്ന പഠനപ്രശ്നങ്ങൾ എന്നിവ നിരീക്ഷിച്ച് രേഖപ്പെടുത്തണം. അത്തരം നിരീക്ഷണങ്ങൾ നിരന്തരമൂല്യനിർണയത്തിന്റെ സുപ്രധാന സൂചനകളാണ്.
- ഓരോ ക്ലാസിനു ശേഷവും കുട്ടികൾ ഏറ്റെടുക്കേണ്ട തുടർപ്രവർത്തനങ്ങൾക്ക് കൃത്യമായ നിർദേശങ്ങൾ നൽകുക.


ഒരു അധ്യാപികയെ സംബന്ധിച്ചിടത്തോളം തന്റെ അധ്യാപനനൈപുണികൾ നിരന്തരം വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ നിരന്തരനവീകരണത്തിന് ഓരോ അധ്യാപികയും സ്വയം പര്യാപ്തയാകേണ്ടതുണ്ട്. ക്ലാസ്മുറികളിൽ നടപ്പാക്കുന്ന ഓരോ പഠനപ്രവർത്തനത്തിന്റെയും നേട്ടങ്ങളും പോരായ്മകളും സ്വയം വിലയിരുത്തുകയും ചെയ്യണം.

അടുത്ത പ്രവർത്തനത്തിൽ സ്വീകരിക്കാവുന്ന പുതിയ തന്ത്രങ്ങൾ മെനയാനും അധ്യാപികയ്ക്കു കഴിയണം. വിവിധ തലങ്ങളിൽനിന്നു ലഭിക്കുന്ന പിന്തുണകൾ ഉപയോഗപ്പെടുത്തി സ്വയം പരിശീലിക്കപ്പെടുന്ന സംവിധാനമാണ് ഒരാളെ മികച്ച അധ്യാപികയാക്കുന്നത്. ഇതിനായി സ്വന്തം ആസൂത്രണവും വിലയിരുത്തലും രേഖപ്പെടുത്താനാവശ്യമായ രേഖ സൂക്ഷിക്കുന്നതും അനിവാര്യമാണ്. ടീച്ചിങ് മാന്വൽ എന്ന പേരിലുള്ള രേഖ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

### ടീച്ചിങ് മാന്വൽ

അധ്യാപികയുടെ ടീച്ചിങ് മാന്വൽ ദൈനംദിന പാഠാസൂത്രണരേഖയാണ്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ഓരോ ദിവസവും നിർദിഷ്ട പഠനനേട്ടങ്ങൾ ലഭിക്കുന്നതിനായി കൈപ്പുസ്തകത്തിൽനിന്നു തിരഞ്ഞെടുത്തതോ സ്വയം നിർമിക്കുന്നതോ ആയ പഠനപ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതാണ് ടീച്ചിങ് മാന്വലിന്റെ ഒന്നാം ഭാഗം. ഈ പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ പഠിതാക്കൾക്കുണ്ടാകുന്ന മാറ്റങ്ങൾ, പ്രതികരണങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതാണ് രണ്ടാം ഭാഗം. ഇതോടൊപ്പം തന്റെ പഠിതാക്കൾ എത്രമാത്രം പഠനപുരോഗതി കൈവരിച്ചുവെന്നും അവർ നേരിട്ട പ്രധാന പഠനപ്രശ്നങ്ങൾ എന്തൊക്കെയാണെന്നും രേഖപ്പെടുത്താനും ഈ രേഖയ്ക്ക് കഴിയണം. ഈ രേഖയിൽനിന്നാണ് കുട്ടികളുടെ നിരന്തരമൂല്യനിർണയത്തിനാവശ്യമായ വിലയിരുത്തലുകൾ രൂപീകരിക്കേണ്ടത്. അതുകൊണ്ടുതന്നെ ടീച്ചിങ് മാന്വൽ ഒരു സുപ്രധാനരേഖയാണ്.

ഈ കൈപ്പുസ്തകത്തിൽ നിർദേശിച്ച പഠനാനുഭവങ്ങൾ അവസാനവാക്കല്ല. ഓരോ പഠനകേന്ദ്രത്തിന്റെയും സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും പുതിയവ നിർമിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത്തരം മാറ്റങ്ങൾ അധ്യാപികയുടെ ടീച്ചിങ് മാന്വലിലാണ് പ്രതിഫലിക്കേണ്ടത്. ഇങ്ങനെ നിരന്തരം വികസിക്കുന്ന ടീച്ചിങ് മാന്വലുകളാണ് കൈപ്പുസ്തകത്തിന്റെ അടുത്ത പരിഷ്കരണത്തെ നിർണയിക്കുന്നത്. ഇത്തരം നിരന്തര മെച്ചപ്പെടലുകളിലൂടെ വികസിക്കുന്ന ഒരു ജൈവിക പ്രക്രിയയായി ഈ സംരംഭത്തെ മാറ്റേണ്ടതുണ്ട്.





ഭാഗം 3 ഇതൾ 1

# പറന്നുവന്ന വിരുന്നുകാരി

## ആമുഖം

ദേശാടനക്കിളികൾ വിരുന്നുവരുന്ന കഥയുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ എന്ന പ്രമേയത്തെ ആധാരമാക്കിയാണ് പാഠം തയാറാക്കിയിരിക്കുന്നത്. സംഭാഷണം, വിവരണം, കവിത തുടങ്ങിയ വ്യവഹാരരൂപങ്ങൾ പാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവരണം, കുറിപ്പ്, അനുഭവ വിവരണം തുടങ്ങിയ രചനകൾക്ക് അവസരം നൽകിയിരിക്കുന്നു. ലഘുവായ ആഖ്യാനങ്ങളിലൂടെ ഞ്ഞ, ണ്ട എന്നീ അക്ഷരങ്ങൾക്ക് ആവർത്തനം ലഭിക്കുന്നു. ഈ അക്ഷരങ്ങൾ വരുന്ന പദങ്ങൾ കണ്ടെത്തി എഴുതാനും കുട്ടിക്ക് കഴിയേണ്ടതുണ്ട്. ചൊല്ലി രസിക്കാനുള്ള 'വെയിലും കുയിലും' എന്ന കവിതയും വായിച്ചു രസിക്കാനുള്ള ഒരു റഷ്യൻ നാടോടിക്കഥയുടെ സംഗ്രഹ പുനരാഖ്യാനവും നൽകിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ ഭാവമാറ്റങ്ങളോടെ അവതരിപ്പിക്കുന്നു.
- പരിചിത കഥകളെ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു.
- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ ഭാവമാറ്റങ്ങളോടെ അവതരിപ്പിക്കുന്നു.
- പരിചിതമായ പക്ഷികളെക്കുറിച്ച് വിവരണങ്ങൾ കേൾക്കുന്നു, പറയുന്നു, വായിക്കുന്നു, എഴുതുന്നു.
- കുട്ടിക്കവിതകൾ കേട്ട് ആസ്വദിക്കുകയും ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുകയും ചെയ്യുന്നു.
- ലഘുപതിപ്പുകൾ തയാറാക്കുന്നു.

| **ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ** | **വ്യവഹാര രൂപങ്ങൾ** |
|---|---|
| **ഞ്ഞ, ണ്ട** | **സംഭാഷണം, വിവരണം, നാടകം** |

## പ്രവർത്തനങ്ങൾ

### ചിത്രവായന

പാഠഭാഗത്തിലെ ആമുഖ ചിത്രത്തെ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താം?

മൂന്നാം ഭാഗത്തിലേക്ക് കടക്കുമ്പോൾ ചിത്രവായനയുടെ തലം വികസിക്കേണ്ടതുണ്ട്. ചിത്രത്തെ ഭാഷാവികാസത്തിനുള്ള ഉപാധിയാക്കി മാറ്റുകയാണല്ലോ ചെയ്യുന്നത്.



ആദ്യഘട്ടത്തിൽ ചിത്രത്തിൽ കാണുന്നവയുടെ പേരുകൾ പറയുന്ന കുട്ടി, അവയുടെ വിശേഷണങ്ങളും സവിശേഷതകളും ചേർത്ത് വാക്യങ്ങളാക്കി പറയുന്നു. തുടർന്ന് കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളും കഥകളും പാട്ടുകളും രൂപീകരിക്കാൻ കഴിയുന്ന ഘട്ടത്തിലേക്ക് വികസിക്കുകയാണ്


ചെയ്യുന്നത്. ഭിന്ന നിലവാരത്തിൽ നിൽക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയണം.

- ചിത്രത്തിലെന്തൊക്കെയുണ്ട്?
- ഏതൊക്കെ പക്ഷികൾ?
- എല്ലാ പക്ഷികളും ഒരുപോലെയാണോ?
  (നിറം, ആകൃതി, വലിപ്പം, മറ്റ് പ്രത്യേകതകൾ....)
- പക്ഷികൾ തമ്മിൽ എന്തൊക്കെയാവും പറയുന്നത്?

### സംഭാഷണം അവതരിപ്പിക്കാം

പാഠഭാഗം വായിച്ചവതരിപ്പിച്ചശേഷം കുട്ടികൾ കഥാപാത്രങ്ങളായി അഭിനയിച്ചു പറയുന്നു. പാഠപുസ്തകത്തിലെ വാക്യങ്ങൾ കാണാപ്പാഠം പഠിച്ചു പറയണമെന്നില്ല. ആശയങ്ങൾ സ്വന്തം വാക്യങ്ങളിൽ അവതരിപ്പിച്ചാൽ മതി.

പക്ഷികളുടെ വടിപ്പാവകൾ ഉപയോഗിച്ച് സംഭാഷണം അവതരിപ്പിക്കാവുന്നതാണ്.



നാകമോഹൻ കിളി എന്തെല്ലാം പറഞ്ഞിരിക്കും? ചോദ്യത്തെത്തുടർന്ന് ക്ലാസിൽ പൊതുവായി ചർച്ച ചെയ്യണം. മഞ്ഞുകാലത്തെക്കുറിച്ച് കുട്ടികളുടെ സ്വന്തം അനുഭവങ്ങൾ പറയട്ടെ. ഇന്റർനെറ്റ് സഹായത്തോടെ മഞ്ഞുകാല ദൃശ്യങ്ങൾ കണ്ട് കൂടുതൽ വിവരങ്ങൾ കണ്ടെത്തി പറയട്ടെ. ചർച്ചയിലൂടെ ആശയരൂപീകരണം വന്നതിന് ശേഷം വ്യക്തിഗതമായി എഴുതുന്നു.

- കുട്ടികൾ ചെറുഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കുന്നു.
- ഗ്രൂപ്പിന്റേതായി പൊതു ഉൽപ്പന്നം രൂപീകരിക്കുന്നു.
- ഗ്രൂപ്പുകളുടെ അവതരണം - എഡിറ്റിംഗ് - ടീച്ചർവേർഷൻ.

## പക്ഷിവിവരണം

പാഠത്തിൽ നാകമോഹൻ കിളിയെക്കുറിച്ച് വിവരണം നൽകിയിട്ടുണ്ട്. മറ്റു പക്ഷികളെ ഈ രീതിയിൽ വിവരിക്കാനാവില്ലേ? കുട്ടികൾ സവിശേഷതകൾ (നിറം, ആകൃതി, വലുപ്പം, ശബ്ദം, മറ്റു പ്രത്യേകതകൾ) ഉൾപ്പെടുത്തി വിവരണം നടത്തുകയും എഴുതുകയും ചെയ്യട്ടെ.

## ഈണം നൽകാം, പാടാം

കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പും 'ധനുമാസക്കുളിരുകോരി....' എന്ന കവിതയ്ക്ക് ഈണം നൽകി അവതരിപ്പിക്കട്ടെ. ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തട്ടെ. ഏത് ഗ്രൂപ്പിന്റെ അവതരണമാണ് മെച്ചപ്പെട്ടത്? എന്തുകൊണ്ട്?

## വിലയിരുത്തൽ സൂചകങ്ങൾ

- എല്ലാവരും ഒരുമിച്ച് പാടുന്നു.
- ഉച്ചാരണശുദ്ധിയോടെ ചൊല്ലുന്നു.
- ഈണം, താളം, ഭാവം എന്നിവയോടെ ചൊല്ലുന്നു.

## കുഞ്ഞിക്കോഴിയുടെ മോഹം

'ഞ്ഞ' എന്ന കൂട്ടക്ഷരത്തിന് ഊന്നൽ നൽകുന്ന പാഠഭാഗമാണിത്. പാഠഭാഗത്തിൽ 'ഞ്ഞ' വരുന്ന എത്ര പദങ്ങൾ ഉണ്ട്?

| | |
|---|---|
| കുഞ്ഞിക്കോഴി | വലിഞ്ഞു |
| കുഞ്ഞാറ്റക്കുരുവി | പാഞ്ഞുവന്നു |
| ഊഞ്ഞാൽ | |
| മഞ്ഞക്കിളി | |

ഇവ കൂടാതെ 'ഞ്ഞ' വരുന്ന മറ്റുപദങ്ങൾ ഏതൊക്കെ? ഈ പദങ്ങൾ ചേർത്തു എത്ര വാക്യങ്ങൾ പറയാം? എഴുതാം?

കുഞ്ഞിക്കോഴിക്ക് എന്താണ് സംഭവിച്ചത്?
എന്തൊക്കെ സാധ്യതകൾ

- ഊഞ്ഞാലിൽനിന്ന് വീണു.
- പരുന്ത് റാഞ്ചാൻ വരുന്നു.
- ഊഞ്ഞാൽ മരക്കൊമ്പിൽ കുരുങ്ങി.
- 
- 

പിന്നെ എന്തൊക്കെ?

### ഉണ്ടനും ഉണ്ടിയും

'ണ്ട' എന്ന കൂട്ടക്ഷരത്തിന് പ്രാധാന്യം നൽകുന്ന വായനാസാമഗ്രി വായിക്കുന്നു.

'ണ്ട' വരുന്ന വാക്കുകൾ എഴുതുന്നു. കൂടുതൽ പദങ്ങൾ കൂട്ടിച്ചേർക്കുന്നു.

എഴുതിയ വാക്കുകൾ ഉപയോഗപ്പെടുത്തി വാക്യങ്ങളും അർഥപൂർണ്ണമായ ആശയങ്ങളും എഴുതുന്നു.

### ചൊല്ലി രസിക്കാം

'വെയിലും കുയിലും' കവിതയ്ക്ക് ഈണം നൽകി അവതരിപ്പിക്കുന്നു.

### എനിക്കു കഴിയും

- വേനൽക്കാലത്തെക്കുറിച്ച് കുട്ടിയുടെ മുന്നനുഭവങ്ങളും കവിതയിലെ കാര്യങ്ങളും ഉൾപ്പെടുത്തി ഒരു കുറിപ്പു തയാറാക്കാനുള്ള പ്രവർത്തനമാണ് നൽകിയിട്ടുള്ളത്. ഇത് ചർച്ച ചെയ്ത് ആശയങ്ങൾ രൂപീകരിച്ചതിന് ശേഷമാണ് എഴുത്തിലേക്ക് പോകേണ്ടത്.
- ഇലകൾ പൊഴിക്കുന്ന മരങ്ങൾ
- ജലാശയങ്ങൾ വറ്റി വരളുന്നത്.
- ജീവജാലങ്ങൾക്കുള്ള പ്രയാസങ്ങൾ
-
-
-

### പക്ഷി വിവരണം

- നേരത്തെ പരിചിതമായ പക്ഷികളെക്കുറിച്ചുള്ള വിവരണം പറയാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. അവ രേഖപ്പെടുത്താനുള്ള സാധ്യതയാണ് ഇവിടെ പരിഗണിക്കുന്നത്. പരിചിതമായ പക്ഷികളുടെ സവിശേഷതകൾ ഉൾപ്പെടുത്തിയാണ് രചന നടത്തേണ്ടത്. നിറം, ആകൃതി, വലുപ്പം (മറ്റ് പക്ഷികളുമായി താരതമ്യം ചെയ്യാം), ആഹാരം, കൂട്, ശരീരപ്രത്യേകതകൾ....

### വിവരണപ്പതിപ്പ്


- വിവിധ പക്ഷികളെക്കുറിച്ചുള്ള വിവരണവും ചിത്രങ്ങളും ചേർത്ത് പതിപ്പ് തയാറാക്കുന്നു.
- മറ്റ് കുട്ടികൾ തയാറാക്കിയ വിവരണങ്ങൾ പരസ്പരം വിലയിരുത്തുന്നു. മികവും പോരായ്മകളും ചർച്ച ചെയ്യുന്നു.

## വിലയിരുത്തൽ സൂചകങ്ങൾ

- ആശയക്രമം പാലിച്ചിട്ടുണ്ട്, ആശയപൂർണതയുണ്ട്.
- സവിശേഷതകൾ ഉൾപ്പെടുത്തിയ രചന
- വാക്യഘടന പാലിച്ചിട്ടുണ്ട്/തെറ്റില്ലാത്ത രചന.

## റഫറൻസ് പുസ്തകങ്ങൾ

- കേരളത്തിലെ പക്ഷികൾ - ഇന്ദുചൂഡൻ
  - കേരള സാഹിത്യ അക്കാദമി
- പക്ഷികളുടെ അത്ഭുത പ്രപഞ്ചം - ഇന്ദുചൂഡൻ
  - കേരള ശാസ്ത്ര സാഹിത്യ പരിഷത്
- പക്ഷികളും മനുഷ്യരും
  - ഇന്ദുചൂഡൻ - കേരള സാഹിത്യ പരിഷത്



ഭാഗം 3 ഇതൾ 2

# മഴയോടു മഴ

## ആമുഖം

ആകാശത്ത് മേഘങ്ങൾ തീർക്കുന്ന വിവിധ രൂപങ്ങൾ കാണുന്ന കിളികളുടെ സംഭാഷണത്തിൽനിന്നും തുടങ്ങി മഴക്കാലം എന്ന പ്രമേയത്തെ ആധാരമാക്കിയാണ് പാഠം വികസിക്കുന്നത്. ചിത്രവായന, സംഭാഷണം, കവിത, അനുഭവ വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങൾ ഈ പാഠത്തിൽ വരുന്നുണ്ട്. മഴയില്ലെങ്കിലുള്ള അവസ്ഥ, മഴ കൂടിയാലുള്ള ദോഷം എന്നിവ ഭാവനയിൽ കാണാനും അവ ആധാരമാക്കി രചനയിൽ ഏർപ്പെടാനുമുള്ള അവസരം നൽകിയിട്ടുണ്ട്. മഴ പ്രമേയമാക്കി സ്വന്തമായി ലളിതമായി പാട്ട്/കവിത എഴുതാനും പ്രളയാനുഭവക്കുറിപ്പെഴുതാനും അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ 'ഉം' ചേർത്തുള്ള (ഉദാ: മലയും പുഴയും) ഭാഷാഭ്യാസവും നൽകിയിട്ടുണ്ട്. വേനൽ അനുഭവം പ്രമേയമായി വരുന്ന വായിച്ചു രസിക്കാനായി 'മഴമേഘമാവാൻ കൊതിച്ച്' എന്ന ഒരു കൊച്ചു കഥയും നൽകിയിരിക്കുന്നു.

## പഠനനേട്ടങ്ങൾ

- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.

- കുട്ടിക്കവിതകൾ ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുന്നു.
- കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ ഭാവമാറ്റങ്ങളോടെ അവതരിപ്പിക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഉം | സംഭാഷണം, കുട്ടിക്കവിത, അനുഭവ വിവരണം, ചൊല്ലുകൾ |

## പ്രവർത്തനങ്ങൾ

### ചിത്രവായന

- ആകാശത്ത് മഴമേഘങ്ങൾ തീർക്കുന്ന വിവിധ രൂപങ്ങളുടെ ചിത്രം എങ്ങനെയെല്ലാം വായിച്ചെടുക്കാം?

ഓരോ കുട്ടിയും, മഴമേഘരൂപങ്ങളുടെ പേരുകൾ സ്വന്തമായി പറയട്ടെ. എഴുതട്ടെ. കൂട്ടത്തിൽ സ്വന്തം അനുഭവത്തിലെ മേഘക്കാഴ്ചകളെക്കുറിച്ചും പറയാൻ അവസരം നൽകണം.

- ചിത്രത്തിൽ എന്തെല്ലാം രൂപത്തിലുള്ള മഴക്കാറുകളെയാണ് കാണുന്നത്?
- മഴക്കാറുകൾ തീർക്കുന്ന മറ്റെന്തെല്ലാം രൂപങ്ങൾ നിങ്ങൾ ആകാശത്ത് കണ്ടിട്ടുണ്ട്?
- നോക്കിയിരിക്കെ മഴക്കാറുകൾക്ക് രൂപമാറ്റം സംഭവിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? എങ്കിൽ എങ്ങിനെയെല്ലാം?

### പാഠം അവതരിപ്പിക്കാം

'നല്ല മഴക്കാറുണ്ട്' മുതൽ 'നോക്കിപ്പറഞ്ഞു' വരെ.

സ്വരവ്യത്യാസം വരുത്തി അഭിനയിച്ച് അവതരിപ്പിക്കുക.

തുടർന്ന് കുട്ടികൾ ഗ്രൂപ്പുകളായി കുയിലമ്മ, ചെമ്പോത്ത്, വേലിത്തത്ത, കാക്ക എന്നീ കിളികളുടെ സംഭാഷണ ഭാഗങ്ങൾ അഭിനയിച്ച് അവതരിപ്പിക്കട്ടെ. സന്ദർഭത്തിന് അനുയോജ്യമായ സംഭാഷണശകലങ്ങൾ സ്വതന്ത്രമായി കണ്ടെത്തുകയും ആകാം.

### പാടിരസിക്കാം

മഴ മഴ മഴ മഴ വന്നു...

ഈ കുഞ്ഞുണ്ണിക്കവിത ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.
കുട്ടികൾ ഗ്രൂപ്പുകളായി ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു.

*ടീച്ചർ:* ഈ കവിതയുമായി ബന്ധപ്പെട്ട ചിത്രത്തിൽ എന്തെല്ലാം കാണുന്നു?
എവിടെ നിന്നാണ് മഴ വരുന്നത്?
എവിടെയെല്ലാം തങ്ങാതെയാണ് മഴ കീഴോട്ട് പതിക്കുന്നത്?
മഴ കിളികൾക്ക് ഉത്സവമായ് വന്നു എന്നു പറയാൻ കാരണമെന്താവാം?

## 'തങ്ങാതെ' ചേർത്ത് വരികൾ പാടാം

ഓരോ കുട്ടിക്കും തങ്ങാതെ ചേർത്ത് പരമാവധി വരികൾ കണ്ടെത്താൻ അവസരം നൽകണം.

ഉദാ: കടയുടെ മുകളിൽ തങ്ങാതെ
കാറിനു മുകളിൽ തങ്ങാതെ....

## കുയിലമ്മയുടെ മഴപ്പാട്ട്

കവിതയോടൊപ്പം നൽകിയ ചിത്രത്തിന്റെ വായന. ചിത്രത്തിൽ എന്തെല്ലാം കാണുന്നു?

കവിതയെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. ടീച്ചർ കവിത താളത്തിൽ ചൊല്ലുന്നു. കുട്ടികൾ ഏറ്റുചൊല്ലുന്നു.

തുടർന്ന് കവിതയിലെ ആശയം ഗ്രഹിച്ചുവോ എന്നറിയാനുള്ള ചോദ്യങ്ങൾ ഉന്നയിക്കാം.

ഇടവപ്പാതി പെയ്തിറങ്ങുന്നതെങ്ങനെ?
മിഥുനമാസത്തിലെ മഴയെക്കുറിച്ച് കവിതയിൽ പറയുന്നതെന്ത്?
കർക്കിടകമാസത്തിലെ ആകാശം എങ്ങിനെയാണ്?
ചിങ്ങത്തിൽ എങ്ങിനെയാണ് മഴ പെയ്യുന്നത്?
കന്നിമഴയും തുലാമഴയും തമ്മിലുള്ള വ്യത്യാസമെന്ത്?
ഏതു മാസത്തിലെ മഴയാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം?
(ഓരോ കുട്ടികളും സ്വന്തം താല്പര്യത്തിനനുസരിച്ച് ഉത്തരം പറയട്ടെ)

തുടർന്ന് പാഠഭാഗത്ത് നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കുട്ടികൾ സ്വന്തമായി എഴുതട്ടെ.

## മഴയില്ലെങ്കിൽ

- ചർച്ച: മഴയില്ലെങ്കിൽ വരാവുന്ന വിപത്തുകൾ എന്തെല്ലാം?
  - കുടിക്കാൻ വെള്ളമില്ല
  - കുളിക്കാൻ വെള്ളമില്ല
  - കൃഷിയില്ല
  - മീനുകൾ ഇല്ല
  - ചെടികൾ മുളയ്ക്കില്ല
  - ജീവജാലങ്ങൾ നശിച്ചുപോകും

  ഓരോ കുട്ടിക്കും പറയാൻ അവസരം ലഭിക്കണം. തുടർന്ന് പാഠഭാഗത്തുള്ള ഒഴിച്ചിട്ട ഭാഗം കുട്ടികൾ പൂരിപ്പിക്കട്ടെ.

  ***മഴയില്ലെങ്കിൽ മരമില്ല***
  ***മഴയില്ലെങ്കിൽ കൃഷിയില്ല***
  ***മഴയില്ലെങ്കിൽ നെല്ലില്ല***
  ***മഴയില്ലെങ്കിൽ നാമില്ല***

സംഗതമായ എന്തുത്തരവും കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകണം.

അവയെ താളാത്മകമായ വരികളാക്കാൻ കുട്ടിക്ക് കഴിയണം. ആശയങ്ങളെ ചെറുവരികളാക്കി മാറ്റുന്നതെങ്ങനെ എന്ന് ക്ലാസിൽ ചർച്ച ചെയ്യണം.

- പാഠപുസ്തകം പേജ് 23 ൽ വരികൾ പൂരിപ്പിക്കട്ടെ.

## മഴ കൂടിയാലും കുറഞ്ഞാലും കുഴപ്പം തന്നെ

ടീച്ചർ പാഠഭാഗം അവതരിപ്പിക്കുന്നു.

"കൂട്ടരേ എനിക്ക് ഒരു കാര്യം പറയാനുണ്ട്" - അങ്കവാലൻ പറഞ്ഞ കാര്യമെന്ത്?"

ഇതുകേട്ട് ചുറ്റും നിന്നവരെല്ലാം എന്തുപറഞ്ഞാണ് അങ്കവാലനെ കളിയാക്കിയത്?

മഴ കുറഞ്ഞാലുള്ള കുഴപ്പം എന്തൊക്കെയാണ്? - ചർച്ച


മഴ കൂടിയാലുള്ള കുഴപ്പം എന്തൊക്കെയാണ്? - ചർച്ച

എല്ലാ കുട്ടികൾക്കും ചർച്ചയിൽ പങ്കെടുക്കാനും സ്വന്തം നിലപാടുകൾ പ്രകടിപ്പിക്കാനും അവസരം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം. തുടർന്ന് കുട്ടികൾ രണ്ട് ഗ്രൂപ്പുകളായി തിരിയട്ടെ. ഒരു ഗ്രൂപ്പ് മഴ കൂടിയാലുള്ള കുഴപ്പങ്ങളും മറ്റേ ഗ്രൂപ്പ് മഴ കുറഞ്ഞാലുള്ള കുഴപ്പങ്ങളും ചർച്ച ചെയ്തു കണ്ടെത്തി അവതരിപ്പിക്കട്ടെ.

## മഴ കൂടിയാലോ?

പാഠഭാഗത്ത് എഴുതാൻ വിട്ട ഭാഗം കുട്ടികൾ സ്വയം പൂരിപ്പിക്കട്ടെ. ടീച്ചർ വേണ്ട സഹായം നൽകണം.

*പുഴ നിറയും പാടം നിറയും*
*കിണർ നിറയും കുളം നിറയും*
*തോടു നിറയും തോട്ടം നിറയും*
*റോഡു നിറയും മൈതാനം നിറയും*
*കുടിലു നിറയും കൊട്ടാരം നിറയും*
*മേടു നിറയും കാടു നിറയും*
*നാടു പ്രളയത്തിൽ മുങ്ങും*



## പ്രളയചിത്രം വായന

ചിത്രത്തിൽ എന്തെല്ലാം കാണുന്നു? പ്രളയത്തിൽ മുങ്ങിപ്പോയത് എന്തെല്ലാമാണ്?

ചിത്രം നോക്കി പ്രളയം വന്നാലുള്ള അവസ്ഥയെക്കുറിച്ച് തുടർച്ചയായി നാലോ അഞ്ചോ വാക്യങ്ങൾ പറയുക.

## എത്ര മഴച്ചൊല്ലുകൾ അറിയാം?

അറിയുന്ന അത്രയും മഴച്ചൊല്ലുകൾ കുട്ടികൾ സ്വയം ആലോചിച്ചു പറയട്ടെ.

ഏതാനും മഴച്ചൊല്ലുകൾ ടീച്ചർ ബോർഡിൽ/ചാർട്ടിൽ എഴുതുന്നു. ഉറക്കെ വായിക്കുന്നു.

- *തിരുവാതിര തിരിമുറിയാതെ*
- *മകരത്തിൽ മഴ പെയ്താൽ*
  *മലയാളം മുടിയും*
- *കുംഭത്തിൽ മഴ പെയ്താൽ*
  *കുപ്പയിലും മാണിക്യം*
- *മഴ നിന്നാലും മരം പെയ്യും*
- *മഴയുമില്ല, വിളയുമില്ല*

- ***തുലാപ്പത്തു കഴിഞ്ഞാൽ***
  ***പ്ലാപ്പൊത്തിലും കിടക്കാം.***
- ***ചെമ്മാനം കണ്ടാൽ***
  ***അമ്മാനം മഴയില്ല ...***

കുട്ടികൾ ചാർട്ടിൽ നിന്നും ഇഷ്ടപ്പെട്ടവ തിരഞ്ഞെടുത്ത് പാഠഭാഗത്തിൽ നൽകിയിട്ടുള്ള സ്ഥലത്ത് എഴുതുന്നു.

## മല കണ്ടു, പുഴ കണ്ടു

കുയിലമ്മ, പനന്തത്ത, നാകമോഹൻകിളി എന്നിവർ തമ്മിൽ നടക്കുന്ന സംഭാഷണം ടീച്ചർ സ്വരവ്യത്യാസവും ഭാവവും ചേർത്ത് അവതരിപ്പിക്കുന്നു. തുടർന്ന് കുട്ടികൾക്ക് അഭിനയിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.

## 'ഉം' ചേർത്തെഴുതാം

മാതൃക നോക്കി കുട്ടികൾ സ്വയം കണ്ടെത്തി പറയട്ടെ. എഴുതട്ടെ.

***കായലും കടലും കണ്ടു***
***മഴയും പുഴയും കണ്ടു***
***തോടും പാടവും കണ്ടു***
***കാടും മേടും കണ്ടു***

കുട്ടികളുടെ പേര് ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കട്ടെ.

## ഇംഗ്ലീഷ് മലയാളം മാസങ്ങൾ:

ഏതെല്ലാമാണ് ഇംഗ്ലീഷ് മാസങ്ങൾ? ജനുവരി, ഫെബ്രുവരി.....

ഏതെല്ലാമാണ് മലയാള മാസങ്ങൾ?

കുട്ടികൾക്ക് സ്വയം പറയാനുള്ള അവസരം നൽകുന്നു. ടീച്ചർ ആവശ്യമെങ്കിൽ സഹായിക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ചാർട്ടു നോക്കി പാഠഭാഗത്തിലെ അഭ്യാസഭാഗം പൂരിപ്പിക്കുന്നു.

**മലയാളം മാസങ്ങൾ ക്രമത്തിൽ**

| | |
|---|---|
| ചിങ്ങം | കുംഭം |
| കന്നി | മീനം |
| തുലാം | മേടം |
| വൃശ്ചികം | ഇടവം |
| ധനു | മിഥുനം |
| മകരം | കർക്കിടകം |

മലയാളം കലണ്ടർ ലഭ്യമാണെങ്കിൽ അത് പരിശോധിച്ച് മാസങ്ങൾ കണ്ടെത്താൻ പ്രവർത്തനം നൽകാവുന്നതാണ്. ഐ.സി.ടി. (ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ ടെക്നോളജി) സാധ്യത പരിഗണിക്കാം.

## എനിക്കു കഴിയും

കുട്ടികൾ സ്വന്തമായി മഴപ്പാട്ട് ഉണ്ടാക്കട്ടെ. ക്ലാസിൽ ഈണത്തിൽ ചൊല്ലി അവതരിപ്പിക്കട്ടെ. തുടർന്ന് പാഠപുസ്തകത്തിൽ എഴുതിവയ്ക്കട്ടെ. (പേജ് 29)

ഇതുപോലെ കുട്ടികൾ പ്രളയാനുഭവങ്ങളും സ്വയം എഴുതട്ടെ. പേജ് 30 ലെ പ്രളയ ചിത്രങ്ങൾ നീരീക്ഷിക്കട്ടെ. ഐ.സി.ടി. സാധ്യത ഉപയോഗിച്ച് കൂടുതൽ ചിത്രം / വീഡിയോ നിരീക്ഷിക്കാൻ അവസരം നൽകാവുന്നതാണ്.

## വായിക്കാം രസിക്കാം

'മഴമേഘമാവാൻ കൊതിച്ച്' - എന്ന കഥ കുട്ടികൾ സ്വയം വായിച്ച് രസിക്കട്ടെ. (പാഠപുസ്തകം പേജ് 32, 33) ചിലർ ക്ലാസിൽ ഉറക്കെ വായിച്ചവതരിപ്പിക്കട്ടെ.

## കുട്ടികളുടെ രചനകൾ മെച്ചപ്പെടുത്തുന്നതെങ്ങനെ?

രചനകൾ മെച്ചപ്പെടുത്തുന്നതിൽ വിവിധതരം വിലയിരുത്തലുകൾക്ക് അവസരം നൽകേണ്ടതുണ്ട്. രചനകൾ പരസ്പരം അവതരിപ്പിക്കാൻ, അതുപോലെ സ്വന്തം രചനയിലെ പിഴവുകൾ തിരുത്തി മുന്നേറാനും സ്വയം വിലയിരുത്താനും കുട്ടികൾക്ക് സാധിക്കണം. കൂടാതെ ടീച്ചറുടെ വിലയിരുത്തലിന്റെ ഭാഗമായി നൽകുന്ന ഫീഡ്ബാക്ക് നിർദ്ദേശങ്ങളും മെച്ചപ്പെടാൻ സഹായകരമാണ്. മികച്ച മാതൃകകൾ കാണാനുള്ള അവസരം നൽകുന്നതും രചനകളെ മെച്ചപ്പെടുത്താൻ സഹായിക്കും.

## എഡിറ്റിംഗ്

ഗ്രൂപ്പ് തയാറാക്കിയ രചനകളിൽ ഇനിയും മെച്ചപ്പെടാനുള്ളവ എഡിറ്റിംഗിന് വിധേയമാക്കാം. ആശയതലം, വ്യവഹാരരൂപതലം, ഭാഷാതലം (വാക്യം, അക്ഷരം) എന്നിവ എഡിറ്റിംഗ് നടത്തുമ്പോൾ പരിഗണിക്കേണ്ടതുണ്ട്.

## രചനകൾ മെച്ചപ്പെടുത്താനുള്ള പ്രക്രിയ

രചനകൾ മെച്ചപ്പെടുത്താനുള്ള പ്രക്രിയ

വ്യക്തിഗത രചന

അവതരണം

ഗ്രൂപ്പിൽ ചർച്ച-വിലയിരുത്തൽ-സൂചകങ്ങളുടെ അടിസ്ഥാനത്തിൽ-മെച്ചപ്പെടുത്തൽ

പൊതുഅവതരണം

ഇതര രചനകൾ, ടീച്ചേഴ്സ് വെർഷൻ എന്നിവയുമായി താരതമ്യം.

ഏതെങ്കിലും ഒരു ഗ്രൂപ്പ് രചനയുടെ എഡിറ്റിംഗ് (എല്ലാവരുടെയും പങ്കാളിത്തത്തോടെ)

ഇതര ഗ്രൂപ്പുകളുടേത് ഗ്രൂപ്പിൽ എഡിറ്റിംഗ്

പ്രക്രിയയിൽനിന്നും രൂപീകരിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ എല്ലാവരും മെച്ചപ്പെടുത്തുന്നു.

രചന, പഠനകേന്ദ്രത്തിലെ വിവരശേഖരണ വിഭാഗത്തിലേക്ക്



ഭാഗം 3 ഇതൾ 3

# വീണ്ടും വരാം

## ആമുഖം

കൂട്ടുകാരിൽനിന്ന് കൂട്ടം തെറ്റി എത്തിയ നാകമോഹൻകിളി തിരിച്ചുപോകുന്നതാണ് ഈ പാഠഭാഗത്തിലെ സന്ദർഭം. കൂട്ടം തെറ്റിപ്പോയ തന്റെ കൂട്ടുകാർ തിരികെ വരുന്നു. അതിനിടയിൽ ദേശാടനക്കിളിയായ നാകമോഹൻ പ്രാദേശിക കിളികളോട് വലിയ ചങ്ങാത്തം സ്ഥാപിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ട് നാകമോഹൻകിളിയുടെ തിരിച്ചുപോക്ക് ചങ്ങാതിമാർക്ക് വലിയ പ്രയാസമുണ്ടാക്കുന്ന കാര്യമായിരുന്നു. എങ്കിലും അനിവാര്യമായ തിരിച്ചുപോക്ക് എല്ലാവരും മനസ്സില്ലാ മനസ്സോടെ അംഗീകരിക്കുന്നു. നാകമോഹൻ കിളിയെ സ്നേഹത്തോടെ യാത്രയാക്കുന്നു. കിളികൾ തമ്മിലുള്ള സംഭാഷണമാണ് ഈ പാഠത്തിലെ പ്രധാന വ്യവഹാരരൂപം. കിളിയുടെ തിരിച്ചുപോക്ക് വൈകാരികമായ മുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടികൾക്ക് ഇത്തരം അനുഭവങ്ങൾ പറയാനുള്ള അവസരങ്ങൾ നൽകാം. നാകമോഹൻകിളി നാട്ടിൽ തിരിച്ച് ചെന്ന് ഇവിടെയുള്ള കൂട്ടുകാർക്ക് എഴുതുന്നു. തിരിച്ചും എഴുതാം. ഈ പ്രവർത്തനം കുട്ടികൾക്ക് കത്തെഴുത്ത് എന്ന വ്യവഹാരരൂപം വീണ്ടും വീണ്ടും കൈകാര്യം ചെയ്യുന്നതിനുള്ള

അവസരം ലഭിക്കും. നാകമോഹൻകിളി മടങ്ങിപ്പോകുന്ന വൈകാരിക മുഹൂർത്തം നാടകീയമായി ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്.

## പഠനനേട്ടങ്ങൾ

- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞവതരിപ്പിക്കുന്നു.
- വിവിധ ഭാഷാകേളികളിൽ ഏർപ്പെടുന്നു.
- പരിചിതമായ വസ്തുക്കൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ വായിക്കുന്നു, എഴുതുന്നു.
- പരിചിത കഥകളെ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു.
- ലഘു നാടകത്തിൽ പങ്കാളികളാകുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാരരൂപങ്ങൾ |
|---|---|
| ഊ<br>വന്നേപറ്റൂ/പോയേപറ്റൂ<br>പുതിയ പുതിയ, വീണ്ടും വീണ്ടും | സംഭാഷണം, കത്ത്, ചർച്ച,<br>കഥ, നാടകം, വിവരണം |

## പ്രവർത്തനങ്ങൾ

### എനിക്കു പറ്റിയ അമളി

പാഠഭാഗത്തിലെ ആദ്യ ഭാഗത്ത് നാകമോഹൻകിളി തന്നെ വിട്ടുപോയ കൂട്ടുകാരെ കണ്ടെത്തുന്ന രംഗമുണ്ട്. എങ്ങിനെയാണ് താൻ ഒറ്റപ്പെട്ടുപോയത് എന്ന് കിളി കൂട്ടുകാരോട് വിശദീകരിക്കുന്നുണ്ട്.

ഇതുപോലെയുള്ള സന്ദർഭങ്ങൾ കുട്ടികളുടെ ജീവിതത്തിലും ഉണ്ടാവില്ലേ. ഇങ്ങനെ പറ്റിയ അമളികൾ പറയാൻ അവർക്ക് അവസരം നൽകിയാലോ. ടീച്ചർ ആദ്യം സ്വന്തം അനുഭവം പറഞ്ഞു കേൾപ്പിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും.

### കഥയായി പറയാം

നാകമോഹൻകിളി കൂട്ടുകാരുമായി വേർപിരിഞ്ഞ് പിന്നീട് തിരികെ പോകുന്നത് വരെയുള്ള കാര്യങ്ങൾ കഥാരൂപത്തിൽ അവതരിപ്പിച്ചാൽ എങ്ങിനെയിരിക്കും? കുട്ടികൾക്ക് അതിനുള്ള അവസരം ക്ലാസിൽ നൽകണം.

ഒരാൾ കഥ പറഞ്ഞുകഴിഞ്ഞാൽ അതിനെക്കുറിച്ച് ചർച്ചയാവാം. മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ആവാം. ഇത് പരിഗണിച്ച് അടുത്തയാൾ പറയട്ടെ. ഇത് തുടരുന്നു. ഏറ്റവും മികച്ച രീതിയിൽ എല്ലാവർക്കും കഥ പറയാൻ കഴിയുന്നുണ്ടോ? കൂടുതൽ അവസരം നൽകേണ്ടതല്ലേ.

### ആശയം കണ്ടെത്താം

നമ്മൾ ഭാഷയിൽ ഉപയോഗപ്പെടുത്തുന്ന ധാരാളം പ്രയോഗങ്ങൾ ഉണ്ട്. പ്രയോഗങ്ങൾക്ക് വിപുലമായ ആശയങ്ങളുമുണ്ട്. ഇവിടെ അത്തരം ചില പ്രയോഗങ്ങളുടെ ആശയം കണ്ടെത്തുന്ന പ്രവർത്തനമാണ് നൽകിയിട്ടുള്ളത്. 'പോയേ പറ്റൂ' എന്ന പ്രയോഗം പോവാതിരിക്കാൻ കഴിയില്ല എന്ന ആശയമാണ് സൂചിപ്പിക്കന്നത്.

ഇതുപോലെ

വന്നേ പറ്റൂ - വരാതിരിക്കാൻ കഴിയില്ല

കണ്ടേ പറ്റൂ - കാണാതിരിക്കാൻ കഴിയില്ല

തന്നേ പറ്റൂ - തരാതിരിക്കാൻ കഴിയില്ല

എന്നിങ്ങനെ വിശദമാക്കാം. ഇത്തരം കൂടുതൽ പ്രയോഗങ്ങൾ കുട്ടികളെ ഈ അവസരത്തിൽ പരിചയപ്പെടുത്തണം.

### കൂട്ടിച്ചേർക്കാം

ഒരേ വാക്കുതന്നെ ആവർത്തിച്ചു വരുമ്പോൾ പറയുന്ന കാര്യത്തിന് കൂടുതൽ കരുത്ത് ഉണ്ടാകുന്നു എന്ന സവിശേഷമായ ഭാഷാ രീതിയാണ് ഇവിടെ പഠിതാവ് പരിചയപ്പെടുന്നത്.

ഇത്തരത്തിലുള്ള ധാരാളം വാക്കുകൾ മലയാളഭാഷയിൽ നമുക്ക് കാണാവുന്നതാണ്.

വാക്കുകൾ, ഇത് പ്രയോഗിക്കുന്ന സന്ദർഭങ്ങൾ എന്നിവയെല്ലാം പഠിതാവിന് അനുഭവവേദ്യമാകണം.

ഓടിയോടി, ശരി ശരി, ചാടിച്ചാടി, തിന്നുതിന്ന്, നീട്ടി നീട്ടി, വെട്ടി വെട്ടി, കരഞ്ഞു കരഞ്ഞ്, ചിരിച്ചു ചിരിച്ച് എന്നിങ്ങനെ ധാരാളം ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും.


### കൂട്ടുകാർ യാത്രപറയുന്ന രംഗം അഭിനയിക്കാം

നാകമോഹൻകിളി വേർപിരിഞ്ഞുപോയി തന്റെ കൂട്ടുകാരെ കണ്ടെത്തുന്നു. നാകമോഹൻ കൂട്ടുകാരുടെ കൂടെ മടങ്ങാൻ തയാറാവുന്നു. ഇവിടുത്തെ കൂട്ടുകാരായ പക്ഷികൾ നാകമോഹനെ യാത്രയാക്കുന്നു. വളരെ വൈകാരികമായ സന്ദർഭമാണ് ഇത്. ഈ ഭാഗത്ത് നാടകീകരണത്തിന് ഏറെ സാധ്യതയുണ്ട്. കുട്ടികൾ നാടകമാക്കി അവതരിപ്പിക്കുന്നു. നാടകം അവതരിപ്പിക്കുന്നതിന് എന്തെല്ലാം ഒരുക്കേണ്ടിവരും.

- കഥ ശരിയായി ഉൾക്കൊള്ളുക
- കഥയെ സംഭാഷണമാക്കി മാറ്റുക.
- അഭിനയ സാധ്യത കണ്ടെത്തുക.

- അവതരണത്തിൽ സ്വീകരിക്കേണ്ട രീതി ആവിഷ്ക്കരിക്കുക.
- സമയം നിശ്ചയിക്കുക.
- ഓരോ കഥാപാത്രവും ഓരോ സമയത്തും പാലിക്കേണ്ട സ്ഥാനം, ചലനം എന്നിവ കൃത്യതപ്പെടുത്തുക.
- സംഭാഷണങ്ങളുടെ സന്ദർഭം കൃത്യതപ്പെടുത്തുക.
- അനുയോജ്യമായ വേഷങ്ങൾ കണ്ടെത്തുക.
- നാടകം സംഘങ്ങളായി അവതരിപ്പിക്കട്ടെ. പരിശീലനത്തിന് ആവശ്യമായ സമയം അനുവദിക്കണം.
- പൊതുവായ അവതരണ സാധ്യത പ്രയോജനപ്പെടുത്തണം.

## ഇവരാണെന്റെ കൂട്ടുകാർ



വിവിധ പക്ഷികളുടെ ചിത്രം നൽകിയിരിക്കുന്നു. ചിത്രം നോക്കി പക്ഷികളുടെ പേര് എഴുതുകയാണ് വേണ്ടത്. കുട്ടികൾക്ക് പരിചിതമല്ലാത്ത പക്ഷികളുടെ പേര് അധ്യാപിക പറഞ്ഞുകൊടുക്കേണ്ടി വരും. അടുത്ത ഘട്ടത്തിൽ ഈ പക്ഷികളുടെ സവിശേഷതകൾ പറയുന്ന പ്രവർത്തനമാവാം. ഏതെങ്കിലും ഒരു പക്ഷിയെ കുറിച്ച് എഴുതുന്ന പ്രവർത്തനം നൽകിക്കൂടേ. ഐ.സി.ടി. സാധ്യത ഉപയോഗിക്കാവുന്നതാണ്.

## ഹിമാലയത്തിൽ നിന്നൊരു കത്ത്



തിരിച്ചുപോയ നാകമോഹൻ കിളി ഇവിടുത്തെ കൂട്ടുകാർക്ക് ഒരു കത്തെഴുതി. തന്റെ വിശേഷങ്ങളും കൂട്ടുകാരോടുള്ള ക്ഷേമാന്വേഷണങ്ങളുമാണ് കത്തിലെ വിഷയം.

നാകമോഹന്റെ കത്തിന് മറുപടി എഴുതുന്ന പ്രവർത്തനമാണ് കുട്ടികൾ ചെയ്യേണ്ടത്.

മറുപടി കത്ത് തയാറാക്കുന്നതിന് മുമ്പ് എന്ത് എഴുതണം എന്ന ചർച്ച ക്ലാസിൽ നടത്തണം.

എന്താണ് എഴുതേണ്ടത് എന്ന് കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കണം. തുടർന്ന് വ്യക്തിഗതമായി കത്ത് എഴുതുന്നു.

എഴുതിയ കത്തുകളുടെ അവതരണം, മികച്ച കത്ത് എഴുതിയത് ആരാണ്. ടീച്ചറും കത്തെഴുതി അവതരിപ്പിക്കുന്നത് നന്നായിരിക്കില്ലേ? അവതരണ ശേഷം കൂടുതൽ മെച്ചപ്പെടുത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

### എനിക്കു കഴിയും

കേരളത്തിൽ വന്ന് തിരിച്ചുപോകുന്നു എന്ന സങ്കൽപ്പത്തിൽ മുത്തശ്ശനോടും മുത്തശ്ശിയോടും യാത്രപറയുന്ന രംഗം സംഭാഷണമായി എഴുതുന്നു.

ഈ സന്ദർഭം കുട്ടികളുടെ അനുഭവങ്ങളിൽ ഉണ്ടായിരിക്കും. ഇത്തരം അനുഭവങ്ങൾ ഉള്ളവർ പറയട്ടെ. മറ്റുള്ളവർക്കും ഇതിൽനിന്ന് ആശയസ്വീകരണം നടത്താം. തുടർന്ന് എഴുതാൻ ആവശ്യപ്പെടാം.

എഴുതിയത് സംഭാഷണരൂപത്തിൽ അവതരിപ്പിക്കാനും അവസരം നൽകാം.

### പക്ഷിവിവരണം തയാറാക്കാം

കുട്ടികൾക്ക് അവർക്ക് പരിചയമുള്ള പക്ഷികളെക്കുറിച്ച് പറയട്ടെ. ഏതെല്ലാം കാര്യങ്ങളായിരിക്കും പറയുക.

- ശരീരത്തിന്റെ പ്രത്യേകത
- താമസം
- ശബ്ദം
- തൂവലിന്റെ സവിശേഷത, നിറം
- കൊക്ക്, നഖങ്ങൾ
- ആഹാര രീതി

### കൂട് നിർമ്മാണം/ചിത്രം വര

പാഴ്വസ്തുക്കൾ ഉപോഗിച്ച് പക്ഷിക്കൂട് നിർമ്മാണം നടത്താനാവുമോ?

ഇല്ലെങ്കിൽ പക്ഷിക്കൂടുകളുടെ ചിത്രം നിരീക്ഷിച്ച് വരയ്ക്കട്ടെ.

### തൂവൽ ശേഖരിക്കാം

ലഭ്യമായ പക്ഷിത്തൂവലുകൾ ശേഖരിച്ച് ഒട്ടിക്കുകയും പക്ഷികളുടെ പേരെഴുതുകയും ചെയ്യട്ടെ. ടീച്ചർ തയാറാക്കിയ മാതൃക പ്രദർശിപ്പിച്ചുകൂടേ?

### വായിക്കാം രസിക്കാം

വയനാട്ടിലേക്ക് നടത്തിയ യാത്രയുടെ വിവരണമാണ് വായനയ്ക്കായി നൽകിയിട്ടുള്ളത്. കുട്ടികൾ ഇത് സ്വന്തമായി വായിക്കുകയാണ് ചെയ്യേണ്ടത്.



വായിക്കുന്നതിന് സഹായം വേണ്ടി വരുന്നത് ആർക്കെല്ലാമാണ്. അവർക്ക് ഏത് തരത്തിലുള്ള സഹായമാണ് ഇനി നൽകേണ്ടത്. ഇതെല്ലാം അധ്യാപിക ആലോചിക്കേണ്ടതല്ലേ?

- ചെറിയ യാത്രാവിവരണപുസ്തകങ്ങൾ പരിചയപ്പെടുത്താൻ ശ്രമിക്കണം. പ്രസക്തമായ പേജുകൾ നൽകിയാൽ മതി.

### റഫറൻസ്

- കഥയുറങ്ങുന്ന വഴിയിലൂടെ
  - കെ. തായാട്ട് - ഡി.സി. ബുക്ക്സ്.
- സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ വീഡിയോകൾ പ്രയോജനപ്പെടുത്താം.



ഭാഗം 3 ഇതൾ 4

# പൂക്കാലച്ചന്തം

## ആമുഖം

കാലാവസ്ഥ എന്ന മുഖ്യ പ്രമേയത്തിലെ ഉപപ്രമേയമായ വസന്തകാലത്തെക്കുറിച്ചാണ് ഈ പാഠഭാഗത്തിൽ ചർച്ച ചെയ്യുന്നത്. കുമാരനാശാന്റെ പൂക്കാലം എന്ന കവിതയും കോലഴി ഗോപാലകൃഷ്ണന്റെ എന്റെ കേരളം എന്ന കവിതയും ഇതിൽ പരിചയപ്പെടുത്തുന്നു. പ്രകൃതിവർണന, കവിതാരചന, പൂക്കാല അനുഭവവിവരണം തുടങ്ങിയ വ്യവഹാര രൂപങ്ങളുടെ രചന നടത്തുവാനുള്ള അവസരവും ഈ പാഠഭാഗത്തിൽ നൽകിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- കുട്ടിക്കവിതകൾ ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു.
- സാഹിത്യ സമാജങ്ങളിലും മലയാളി കൂട്ടായ്മകളിലും പാഠഭാഗങ്ങളുടെയും നൈസർഗിക കഴിവുകളുടെയും ആവിഷ്ക്കാരങ്ങൾ നടത്തുന്നു.
- ചിത്രത്തെ അടിസ്ഥാനമാക്കി കഥപറയുന്നു/എഴുതുന്നു. അനുയോജ്യമായ തലക്കെട്ടുകൾ നൽകുന്നു.

- മലയാള സിനിമാഗാനങ്ങൾ ആസ്വദിച്ച് ഒറ്റയ്ക്കും കൂട്ടായും ആലപിക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| മുൻപാഠങ്ങളിലെ വസ്തുതകൾ ഓർക്കുന്നതിന് | വർണന, ആസ്വാദനം, അനുഭവക്കുറിപ്പ്, പദസൂര്യൻ |

## സാമഗ്രികൾ

- നാടോടിക്കഥാപുസ്തകങ്ങൾ
- വൈവിധ്യമാർന്ന പൂക്കളുടെ ചിത്രങ്ങൾ

## പ്രവർത്തനങ്ങൾ

### ചിത്രവായന

ഹിമാലയത്തിന്റെ പശ്ചാത്തലത്തിൽ നാകമോഹൻകിളികൾക്ക് നൽകുന്ന സ്വീകരണമാണ് ചിത്രത്തിന്റെ പശ്ചാത്തലം.

ചിത്രവായനയ്ക്ക് വേണ്ടി ഏതൊക്കെ ചോദ്യങ്ങൾ ചോദിക്കാം?

- മറ്റു കിളികൾ നാകമോഹൻകിളിയോട് എന്തൊക്കെ ചോദിച്ചിരിക്കും?
- നാകമോഹൻ എന്തു മറുപടി പറഞ്ഞിരിക്കും?
- പൂമ്പാറ്റകൾ എന്താവും പറഞ്ഞിരിക്കുക?

### പ്രകൃതി വർണന പറയാം. എഴുതാം.

- പാഠപുസ്തകത്തിലെ കേരളീയപ്രകൃതിചിത്രം സൂക്ഷ്മതലത്തിൽ ചർച്ച ചെയ്യുന്നു.
- അതിൽനിന്നും ഉൾക്കൊണ്ട ആശയങ്ങൾ ചേർത്ത് കേരളത്തെക്കുറിച്ച് നാകമോഹൻ പറഞ്ഞ കാര്യങ്ങൾ കുട്ടികൾ പറയട്ടെ.
- തുടർന്ന് പറഞ്ഞ കാര്യങ്ങൾ എഴുതട്ടെ.
  കുട്ടികളെ ചെറു ഗ്രൂപ്പുകളാക്കുന്നു.
  ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് രചന നടത്തുന്നു.
- അവതരണം
- എഡിറ്റിംഗ് നടത്തുന്നു.

എഡിറ്റിംഗ്
- ഭാഷാപരമായത്
- ആശയപരമായത്

### പൂക്കാലം

എൻ. കുമാരനാശാന്റെ കവിതയുടെ നാലുവരികളാണ് പാഠപുസ്തകത്തിൽ നൽകിയിരിക്കുന്നത്. കവിതകളുടെ ആസ്വാദനം എങ്ങനെയെന്ന് കൂടി കുട്ടികൾക്ക് മനസ്സിലാക്കാൻ അധ്യാപിക ശ്രമിക്കേണ്ടതാണ്.


- കുട്ടികൾ സംഘങ്ങളായി കവിത ഈണം നൽകി അവതരിപ്പിക്കുന്നു.

- ചുറ്റുപാടുകളെ പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് നാം മനസ്സിലാക്കുന്നത്.
- മുല്ലയും ഇലഞ്ഞിയും പൂത്തു എന്നറിയുന്നത് അതിന്റെ സുഗന്ധം കാറ്റിലൂടെ നമ്മുടെ മൂക്കിലെത്തുമ്പോഴാണ്.
- തുടർന്ന് കാഴ്ചയുമായി ബന്ധപ്പെട്ട അനുഭവങ്ങളിലേക്കാണ് നമ്മെ കവി കൂട്ടിക്കൊണ്ടുപോകുന്നത്.

എന്തൊക്കെ കാണുന്നു. അവ ഏതുപോലെയാണെന്നാണ് തോന്നുന്നത്?

ആവശ്യമെങ്കിൽ കൂടുതൽ വരികൾ പ്രയോജനപ്പെടുത്താം.

*എല്ലാടവും പുഷ്പഗന്ധം പരത്തി*
*മെല്ലെന്ന് തെക്കുന്നു വീശുന്നു വായു*
*ഉല്ലാസമീ നീണ്ട കൂകൂ രവത്താ-*
*ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ*
.................................................................................
*ചന്തം ധരയ്ക്കേറെയായ് ശീതവും - പോ*
*യന്തിക്ക് പൂങ്കാവിലാളേറെയായി*
*സന്തോഷമേറുന്നു ദേവാലയത്തിൽ*
*പൊന്തുന്നു വാദ്യങ്ങൾ - വന്നൂ വസന്തം* (പുഷ്പവാടി - പൂക്കാലം)



- 'വജ്രം' എന്ന സിനിമയിൽ ഇത് ഗാനമായി ജയചന്ദ്രൻ, ഔസേപ്പച്ചൻ, മാസ്റ്റർ വൈശാഖ് എന്നിവർ ചേർന്ന് പാടിയത് കേൾപ്പിക്കാവുന്നതാണ്.

## കവിപരിചയം



എൻ. കുമാരനാശാൻ (12 ഏപ്രിൽ 1873 - ജനുവരി 16, 1924). തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിനടുത്ത് കായിക്കരയിൽ ജനിച്ചു. അച്ഛൻ-നാരായണൻ. അമ്മ-കൊച്ചുപെണ്ണ് (കാളി). അധ്യാപകനായിരുന്നു. ശ്രീനാരായണഗുരുവിന്റെ അടുത്ത ശിഷ്യനായിരുന്നു. 'ചിന്നസ്വാമി' എന്ന പേരിൽ അറിയപ്പെട്ടു.

കവിയും പത്രാധിപരും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന ആശാൻ നിരവധി കവിതകൾ എഴുതിയിട്ടുണ്ട്. വീണപൂവ്, ദുരവസ്ഥ, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, പുഷ്പവാടി, ലീല, കരുണ തുടങ്ങി ഒട്ടേറെ കൃതികൾ രചിച്ചു. പല്ലനയാറ്റിൽ വെച്ച് 'റെഡീമർ' ബോട്ടപകടത്തിൽ മരിച്ചു. ഭാര്യ - ഭാനുമതിയമ്മ.

കവിയുടെ ചിത്രം പരിചയപ്പെടുത്തണം.

## എത്ര പൂവിൻ പേരറിയാം (പേജ് 50)


- ആശാന്റെ കവിതയിൽ എന്തൊക്കെ പൂക്കളെക്കുറിച്ചാണ് പറയുന്നത്?
- നിങ്ങൾക്കറിയാവുന്ന മറ്റ് പൂക്കളുടെ പേരെഴുതൂ

- പഴം, പച്ചക്കറി, പൂവ് കളി
(കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. നടുവിൽ നിൽക്കുന്ന കുട്ടി/ടീച്ചർ വട്ടത്തിനുള്ളിലൂടെ നടക്കുന്നു. ഒരു കുട്ടിയുടെ അടുത്ത് ചെന്ന് പഴം/പച്ചക്കറി/പൂവ് എന്നു പറയുമ്പോൾ പഴത്തിന്റെ/പച്ചക്കറിയുടെ/പൂവിന്റെ പേര് പെട്ടെന്ന് തന്നെ പറയണം. ഇത് ആവർത്തിക്കുമ്പോൾ നേരത്തെ പറഞ്ഞ പേരുകൾ ഒഴിവാക്കണം.)
- കളി വിജയിക്കുന്നതിന് ധാരാളം പൂക്കളുടെ പേരുകൂടി അറിയണം. പരമാവധി പൂക്കളുടെ പേരെഴുതുന്ന മത്സരമായും നടത്താവുന്നതാണ്.
- പാഠപുസ്തകത്തിലെ പേജ് പൂരിപ്പിക്കട്ടെ.

മൂന്ന് അക്ഷരങ്ങളുള്ള എത്ര പൂക്കൾ?

- ഡാലിയ
- ആമ്പൽ
- തുമ്പപ്പൂ
-

### പദസൂര്യൻ (പേജ് 51)




- പൂക്കാലവുമായി ബന്ധപ്പെടുന്ന എത്ര പദങ്ങൾ?
പൂന്തോട്ടം, വണ്ട്, പൂവ്, തേനീച്ച, പൂക്കളം, പൂക്കുട, തേൻ, പൂമ്പാറ്റ, പൂമണം, പൂമ്പൊടി, പൂപ്പാത്രം, തേൻകിളി .......
- കുട്ടികൾ പറയുന്ന വാക്കുകൾ ടീച്ചർ ചാർട്ടിൽ/ബോർഡിൽ എഴുതുന്നു.
- കുട്ടികൾ വായിക്കുന്നു.
- രണ്ടോ മൂന്നോ വാക്കുകൾ ചേർത്ത് അർഥപൂർണമായ വാക്യങ്ങൾ നിർമ്മിക്കട്ടെ.
- അത്തരം വാക്യങ്ങൾ ക്രമപ്പെടുത്തി ആശയപൂർണതയുള്ള ഖണ്ഡിക ഉണ്ടാക്കി നോക്കട്ടെ.

### കവിത രചിക്കാം (പേജ് 51)

- പൂക്കാലവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ ഭൂപടം (concept map) നിർമ്മിച്ചു കഴിഞ്ഞു. അതോടൊപ്പം വാക്യങ്ങളും ആശയങ്ങളും മുൻ പ്രവർത്തനങ്ങളിലൂടെ രൂപീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. താളാത്മകമായ വരികൾ കൂട്ടിച്ചേർത്ത് പാട്ട് നിർമ്മിക്കാനുള്ള പ്രവർത്തനമാണിത്.
- മൂന്നക്ഷരങ്ങൾ വരുന്ന പൂക്കൾ ഏതൊക്കെയെന്ന് കണ്ടെത്തൂ. അവ ചേർത്ത് താളാത്മകമായി പാടാനുള്ള വരികൾ ഉണ്ടാക്കാമോ?

ഉദാ: മുക്കുറ്റി മന്ദാരം മല്ലികയും
കോഴിപ്പൂ കാക്കപ്പൂ കൊന്നപ്പൂവും
......................................................................

ഇതുപോലെ മൂന്നക്ഷരമുള്ള രണ്ട് പൂക്കളും ഒരു നാലക്ഷരമുള്ള പൂവും ചേർത്ത് പാടാമോ?

- പിച്ചകം ചെമ്പകം ചെമ്പരത്തി
പാലപ്പൂ ചെട്ടിപ്പൂ ചെണ്ടുമല്ലി

പൂക്കളുടെ പേരുവരുന്ന ചലച്ചിത്രഗാന മത്സരത്തിന് സാധ്യതയില്ലേ? അത്തരം പാട്ടുകൾ ശേഖരിക്കട്ടെ. രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് മത്സരിക്കുന്നു.

- *കുടമുല്ലപ്പൂവിനും മലയാളിപ്പെണ്ണിനും*
  *ഉടുക്കാൻ വെള്ളപ്പുടവ, കുളിക്കാൻ പനിനീർച്ചോല*
  *കൂന്തൽ മിനുക്കാൻ ഞാറ്റുവേല (2)*
- *താമരക്കുമ്പിളല്ലോ മമഹൃദയം*
- *താമരപ്പൂവിൽ വാഴും ദേവിയല്ലേ നീ*
  *പൂനിലാക്കടലിൽ പൂക്കും പുണ്യമല്ലേ നീ*
- *പനിനീരു പെയ്യും നിലാവിൽ*
  *പാരിജാതത്തിൻ ചോട്ടിൽ*
  *ഇനിയും നിൻ നൂപുരങ്ങളാടും*
  *അകലെ ഞാൻ നിന്നെയോർത്ത് പാടും*
- *കൊന്ന പൂക്കുന്ന നാട്ടിൽ - ഓ*
  *പൊന്നാര്യൻ കൊയ്യുന്നൊരെന്റെ നാട്ടിൽ*
  *വളർമാവിൻ കൊമ്പത്തെ കുഞ്ഞു കൂട്ടിൽ*
  *ഹരിനാമം ചൊല്ലുന്നൊരമ്മയുണ്ടേ.*
- *കൈതപ്പൂ വിശറിയുമായ് കാറ്റേ കൂടെ വരൂ*
  *കടലും മലയും കുളിർകോരും കാറ്റേ കൂടെ വരൂ*
- *ചെമ്പരത്തിപ്പൂവേ ചൊല്ല്*
  *ദേവനെ നീ കണ്ടോ*
  *അമ്പലത്തിലിന്നല്ലയോ സ്വർണരഥഘോഷം*
- *പാലപ്പൂവേ നിൻ തിരുമംഗല്യത്താലി തരൂ*
  *മകരനിലാവേ നീയെൻ നീഹാരക്കോടി തരൂ*
- *നീലക്കുറിഞ്ഞികൾ പൂക്കുന്ന വീഥിയിൽ*
  *നിന്നെ പ്രതീക്ഷിച്ചു നിന്നു*
  *ഒരു കൃഷ്ണതുളസിക്കതിരുമായ് നിന്നെ*
  *ഞാനിന്നും പ്രതീക്ഷിച്ചു നിന്നൂ.*

കൂടുതൽ പാട്ടുകൾ ശേഖരിച്ചെഴുതൂ. (എന്റെ പാട്ടുപുസ്തകത്തിൽ ചേർക്കൂ)

### കഥ എഴുതാം



പേജ് 52 ലെ ചിത്രം നിരീക്ഷിക്കട്ടെ. ചിത്രത്തിലെ കഥാപാത്രങ്ങൾക്ക് പേരുകൾ നിർദ്ദേശിക്കട്ടെ. ചിത്രത്തെ അടിസ്ഥാനമാക്കി ഒരു കഥ രചിക്കാമോ? വ്യക്തിഗതമായി കഥ രചിക്കുന്നു. കഥയ്ക്ക് ഒരു തലക്കെട്ട് കൂടി നൽകട്ടെ.

നല്ല കഥകൾ 'പൂക്കാലം' മാഗസിനിലും സമാജത്തിലും അവതരിപ്പിക്കുന്നു.

### പൂപ്പതിപ്പ് (പേജ് 53)

- പൂക്കൾ സംബന്ധിച്ച കുട്ടികളുടെ ധാരണകൾ പ്രതിഫലിക്കുന്ന തരത്തിൽ പതിപ്പുകൾ തയാറാക്കാം.
  - വ്യക്തിഗത പതിപ്പ്
  - ഗ്രൂപ്പുകൾ ചേർന്ന് തയാറാക്കുന്നത്.
  - ക്ലാസിന് പൊതുവായത്.

അധ്യാപികയ്ക്ക് ഉചിതമായ രീതി സ്വീകരിക്കാം. ഉള്ളടക്കത്തിൽ എന്തൊക്കെയാവാം?

- ചിത്രങ്ങൾ ശേഖരിച്ചവ, വരച്ചവ
- പൂക്കളുടെ പേരുകൾ രേഖപ്പെടുത്താം.
- ഓരോ പൂവിനെക്കുറിച്ചുമുള്ള ലഘുവിവരണം.
- നിശ്ചിത പൂവുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ, കടങ്കഥകൾ, ചൊല്ലുകൾ
- പൂക്കളുമായി ബന്ധപ്പെട്ട ഭാഷാകേളികൾ
- 

ഇനിയും എന്തൊക്കെ ആലോചിച്ചു നോക്കൂ.

### കവർ തയാറാക്കാം

- പൂപ്പതിപ്പിന് യോജിച്ച ഒരു കവർചിത്രം രചിക്കുന്നതിനുള്ള മത്സരം ആയാലോ?
- ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു.
- പൂപ്പതിപ്പിന് അനുയോജ്യമായ പേര് നൽകാം.
- മികച്ച പതിപ്പിന് ചാപ്റ്റർതല മത്സരവും ആകാം.

### മാറിവരുന്ന കാലങ്ങൾ

- പാഠഭാഗം അവതരിപ്പിക്കുന്നു.
- ചങ്ങമ്പുഴ കേരളത്തിലെ വിവിധ കാലങ്ങളെക്കുറിച്ച് എഴുതിയത് പരിചയപ്പെടുത്താം.



*വേനലും മഞ്ഞും മഴയുമായി*
*കാലം പതുക്കെ കടന്നുപോയി*
*ആയിരം മൊട്ടുകൾ പൂക്കളായി*
*ആയിരം പൂക്കളടർന്നുപോയി.*

വേനൽക്കാലവും മഴക്കാലവും മഞ്ഞുകാലവും മാറിമാറി വരുന്ന കേരളത്തിന്റെ പ്രകൃതിയും കുട്ടികൾ ഇപ്പോൾ താമസിക്കുന്ന സ്വന്തം പ്രദേശങ്ങളിൽ/രാജ്യങ്ങളിൽ അനുഭവിക്കുന്നതുമായി താരതമ്യം ചെയ്യാനുള്ള അവസരങ്ങൾ ചർച്ചയിലൂടെ നടക്കണം.

### കാലവും മാസവും

- കാലവും മാസവും എന്ന പട്ടിക പൂരിപ്പിക്കാനുള്ള പ്രവർത്തനം അവതരിപ്പിക്കുന്നു.
- ഓരോ കാലവും കലണ്ടർ മാസങ്ങളുമായി ബന്ധിപ്പിക്കാനും താൻ താമസിക്കുന്ന പ്രദേശത്തെ കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്താനും സാധിക്കണം.
- രക്ഷിതാവിന്റെ / അധ്യാപികയുടെ സഹായം ഇതിന് ആവശ്യമായി വന്നേക്കാം.

## എനിക്കു കഴിയും

### എന്റെ പൂക്കാലം

- ഈ പാഠത്തിലെ ഉയർന്ന ശേഷികൾ പരിഗണിക്കുന്ന പ്രവർത്തനമായാണ് ഇതിനെ കാണേണ്ടത്. കുട്ടികൾ സ്വയം ചെയ്യേണ്ട പ്രവർത്തനമായാണ് കണക്കാക്കുന്നത്. ഓരോ കുട്ടിക്കും പൂക്കാലവുമായി ബന്ധപ്പെട്ട് മനസ്സിൽ തട്ടിയ അനുഭവങ്ങൾ പറയാൻ അവസരം നൽകുന്നു.
- അനുഭവക്കുറിപ്പ് തയാറാക്കുന്നു.
- ക്ലാസിൽ അവതരിപ്പിക്കുന്നു.
- മികച്ച അനുഭവങ്ങൾ മലയാളം മിഷന്റെ പ്രസിദ്ധീകരണങ്ങളിലേക്ക് അയക്കാൻ അധ്യാപിക ശ്രദ്ധിക്കേണ്ടതാണ്.
- അനുഭവക്കുറിപ്പിന് ഉചിതമായ തലക്കെട്ട് നൽകട്ടെ.

### വരികൾ കൂട്ടിച്ചേർക്കാം

- പൂക്കളുടെ സവിശേഷതകൾ ചേർത്ത് കൂടുതൽ വരികളുണ്ടാക്കട്ടെ.
- നൽകിയ വരികളുടെ ഈണവും താളവും പരിഗണിച്ചുകൊണ്ടുള്ളതാണോ തുടർ വരികൾ?
- സമാനമായ അർഥം വരുന്ന വാക്കുകൾ മാറ്റി ഉപയോഗിക്കേണ്ടതുണ്ടോ?
- എഴുതിയ വരികൾ മെച്ചപ്പെടുത്താനുള്ള ഫീഡ്ബാക്കുകൾ ആവശ്യമെങ്കിൽ നൽകാൻ മറക്കരുത്.
- കവിതയ്ക്ക് യോജിച്ച തലക്കെട്ട് കൂടി നൽകി പാഠപുസ്തകത്തിൽ- എഴുതട്ടെ.

### പാടി രസിക്കാം

കോലഴി ഗോപാലകൃഷ്ണന്റെ എന്റെ കേരളം എന്ന കവിത വായിച്ച് ആസ്വദിക്കട്ടെ.

- കവിതയിലെ വരികൾ/ബിംബങ്ങൾ മനസ്സിൽ കാണാൻ കഴിയുമ്പോഴാണ് ആസ്വാദനം പൂർത്തിയാകുന്നത്.
- മനോചിത്രം രൂപീകരിക്കുംവിധം കവിതയുടെ ഓഡിയോ/വീഡിയോ കാണിക്കാം. (യൂട്യൂബിൽ ലഭ്യമാണ്)

- കവിതയോടൊപ്പം നൽകിയ പ്രകൃതി ദൃശ്യങ്ങൾ ആസ്വാദനത്തിന് സഹായകമാകും.

### വായിച്ചു രസിക്കാം

'മഞ്ഞുകൊണ്ടൊരു പെൺകുട്ടി' എന്ന വായനാസാമഗ്രി ഒരു റഷ്യൻ നാടോടിക്കഥയുടെ പുനരാഖ്യാനമാണ്.

വിവിധ രാജ്യങ്ങളിൽ പ്രചാരത്തിലുള്ള നാടോടിക്കഥകൾ കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകാവുന്നതാണ്.

### റഫറൻസ്

- ലോക നാടോടിക്കഥകൾ - അനിൽ ജനാർദ്ദനൻ - ചിന്ത പബ്ലിഷേഴ്സ്
- ലോകപ്രശസ്ത നാടോടിക്കഥകൾ - റോസ്മേരി - മലയാള മനോരമ
- നാടോടിക്കഥകൾ - എസ്. രമാ ഉണ്ണിത്താൻ - പ്രഭാത് ബുക്ക്സ്
-
-



ഭാഗം 4 ഇതൾ 1

# പിറന്നാൾ സമ്മാനം

## ആമുഖം

വാർത്താവിനിമയ സംവിധാനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പിറന്നാൾ സമ്മാനം എന്ന പാഠത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സിനി എന്ന കുട്ടിയുടെ പിറന്നാളാഘോഷവും അതിന്റെ ഭാഗമായി അവൾക്ക് സമ്മാനമായി ലഭിച്ച മൊബൈൽ ഫോണുമാണ് സന്ദർഭം. ഈ മൊബൈൽ ഫോണിനെ പരിചയപ്പെടുത്തുകയും അതിലൂടെ മറ്റ് വാർത്താവിനിമയ മാധ്യമങ്ങളിലേക്ക് വികസിക്കുകയും ചെയ്യുന്ന തരത്തിലാണ് പാഠം തയാറാക്കിയിട്ടുള്ളത്.

ആഖ്യാനം, സംഭാഷണം, വിവരണം, കവിത, എന്നീ വ്യവഹാര രൂപങ്ങൾ ഈ പാഠത്തിലൂടെ പരിചയപ്പെടുന്നു. ഇതിനുപുറമെ ഭാഷാപ്രയോഗങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കാനുള്ള സന്ദർഭങ്ങളും പാഠഭാഗത്തുണ്ട്.

## പഠനനേട്ടങ്ങൾ

- കുട്ടിക്കവിതകൾ കേട്ട് ആസ്വദിക്കുകയും ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുകയും ചെയ്യുന്നു.
- മലയാള സിനിമാഗാനങ്ങൾ ആസ്വദിച്ച് ഒറ്റയ്ക്കും കൂട്ടായും ആലപിക്കുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ഥ, ഫ, കൊണ്ട് | വിവരണം |

- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
- കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, വാക്യങ്ങൾ, പദങ്ങൾ എന്നിവ ഉപയോഗിച്ച് ഭാഷാകേളികളിൽ ഏർപ്പെടുന്നു.
- ശേഖരിച്ച വിവരങ്ങൾ പ്രയോജനപ്പെടുത്തി ലഘുവിവരണം തയാറാക്കുന്നു.

### സാമഗ്രികൾ

ടോയ് ടെലഫോൺ

## പ്രവർത്തനങ്ങൾ

### പിറന്നാൾ അനുഭവം പങ്കുവെക്കൽ

സിനി എന്ന കുട്ടിയുടെ പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പാഠത്തിൽ വിവരിച്ചിട്ടുണ്ട്. ഇതുപോലെ സ്വന്തം പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ കുട്ടികൾക്കു പങ്കുവെക്കാൻ ഉണ്ടാവില്ലേ. ഇത് പറയാൻ കുട്ടികൾക്ക് അവസരം നൽകാമല്ലോ. കഴിഞ്ഞുപോയ പിറന്നാൾ ആഘോഷം, വരാൻ പോകുന്ന പിറന്നാൾ ആഘോഷം എന്നിവയെക്കുറിച്ചെല്ലാം പറയാൻ കുട്ടികൾക്ക് കഴിയില്ലേ. ഒഴുക്കോടെയുള്ള വിവരണം സാധ്യമാവുക എന്നതാണ് ഇത്തരം പ്രവർത്തനങ്ങൾകൊണ്ട് ലക്ഷ്യമാക്കുന്നത്.

### 'കൊണ്ട്' എന്ന് ചേർത്തെഴുതാം

'ബലൂണുകളും, വർണ്ണ റിബണുകളും കൊണ്ട് വീട് അലങ്കരിച്ചു'

ഇതുപോലെയുള്ള വാക്യങ്ങൾ എഴുതണം.

- കാറും ബസ്സും കൊണ്ട് മൈതാനം നിറഞ്ഞു
- 
- 

### ഫോൺ സംഭാഷണം നടത്താം

സിനിയും അമ്മാവനും തമ്മിൽ നടത്തിയ ഫോൺ സംഭാഷണം പാഠഭാഗത്ത് നൽകിയിട്ടുണ്ട്. ഇതുപോലെയുള്ള ഫോൺ സംഭാഷണങ്ങൾ കുട്ടികൾ തമ്മിൽ നടത്തുന്നത് നല്ല അനുഭവമായിരിക്കില്ലേ.


ടോയ് ടെലഫോൺ തയാറാക്കി അത് ഉപയോഗിച്ച് ഈ പ്രവർത്തനം നടത്താം.

കൃത്യമായ സംഭാഷണങ്ങൾ നടത്തുന്നതിന് കുട്ടികൾക്ക് വിവിധ വിഷയങ്ങൾ നൽകുന്നത് ഉചിതമായിരിക്കില്ലേ.

- യാത്രപോയ അനുഭവം പങ്കുവെക്കൽ
- ഡോക്ടറെ കാണാൻ പോയ അനുഭവം പങ്കുവെക്കൽ
- പരീക്ഷയിൽ വിജയിച്ച കാര്യം പങ്കിടൽ.
- 

ഇങ്ങിനെയുള്ള സന്ദർഭങ്ങൾ നൽകുന്നത് ഉചിതമായിരിക്കും. സംഭാഷണത്തിലെ കൃത്യത ഉറപ്പുവരുത്താൻ ഇതുവഴി സാധ്യമാകും.

### ടോയ് ടെലഫോൺ നിർമാണം



രണ്ട് പേപ്പർ കപ്പുകൾ എടുത്ത് അതിന്റെ അടിഭാഗത്ത് മധ്യഭാഗത്തായി സൂചികൊണ്ട് ഓരോ ദ്വാരമിടുന്നു. നീളം കൂടിയ ഒരു നൂൽ എടുത്ത് കപ്പിന്റെ അടിയിലെ ദ്വാരത്തിലൂടെ കടത്തി ഊരിപ്പോവാത്തവിധം കെട്ടുകളിടണം. ആവശ്യമെങ്കിൽ തീപ്പെട്ടിക്കമ്പ്/ഈർക്കിൽ കഷണം ഉപയോഗിച്ചാൽ നൂൽ ഊരിപ്പോകില്ല. നൂൽ വലിഞ്ഞു നിൽക്കും വിധം രണ്ടറ്റത്തായി കുട്ടികൾ നിൽക്കുന്നു. കപ്പിനകത്തേക്ക് ചുണ്ടുകൾ വരുന്നവിധം ഒരാൾ സംസാരിക്കുമ്പോൾ മറ്റേയറ്റത്തുള്ളയാൾ കപ്പ് ചെവിയിൽ വെച്ചാൽ സംസാരം വ്യക്തമായി കേൾക്കാം. ഇനി ടോയ്ഫോൺ ഉപയോഗിച്ച് സംഭാഷണങ്ങൾ പറയാം.

### ചോദ്യങ്ങൾ ചോദിക്കാം
### ഉത്തരം പറയാം

- പിറന്നാളാഘോഷം ആരെയൊക്കെയാണറിയിച്ചത്?
- എങ്ങനെയാണ് അറിയിച്ചത്?
- വീട് എങ്ങനെയൊക്കെയാണ് അലങ്കരിച്ചത്?
- ആരൊക്കെ ചേർന്നാണ് അലങ്കാരം നടത്തിയത്?
- ആരാണ് സിനിക്ക് പുത്തനുടുപ്പ് സമ്മാനിച്ചത്?
- ഭക്ഷണത്തിന്റെ ചുമതല ആർക്കായിരുന്നു?
- സിനിക്ക് എന്തൊക്കെ സമ്മാനങ്ങളാണ് ലഭിച്ചത്?
- അമ്മാവൻ നൽകിയ സമ്മാനമെന്തായിരുന്നു?
- അമ്മാവന്റെ സമ്മാനത്തെക്കുറിച്ച് മുത്തശ്ശി എന്താണ് പറഞ്ഞത്?

നിങ്ങളുടെ വീട്ടിൽ നടക്കുന്ന ആഘോഷത്തിന് കൂട്ടുകാരെ ക്ഷണിക്കുന്ന ഭാഗം അഭിനയിക്കാമോ?

പുതിയ പദങ്ങൾ

അലങ്കരിച്ചു മൂർദ്ധാവ് (നെറുക) അതിഥി

മറ്റ് ഉദാഹരണങ്ങളിലൂടെ പദങ്ങളുടെ അർഥം വ്യക്തമാക്കാം.

- ക്ലാസ് മുറി വർണക്കടലാസു കൊണ്ട് തോരണങ്ങൾ കെട്ടി അലങ്കരിക്കുന്നത്, പൂപ്പാത്രം പൂക്കളും ഇലകളും വെച്ച് അലങ്കരിക്കുന്നത് എന്നീ പ്രവർത്തനങ്ങൾ നൽകി അതേക്കുറിച്ച് പറയുന്നതിനവസരം നൽകിക്കൂടേ?
- മുൻ പാഠങ്ങളിൽ ക്രിസ്മസ് പുൽക്കൂട് അലങ്കരിച്ച കാര്യം ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.
- വിരുന്നുവന്ന ആളാണല്ലോ അതിഥി. നാകമോഹൻ കിളി നമ്മുടെ നാട്ടിൽ വരുന്ന അതിഥിപ്പക്ഷിയാണല്ലോ?
- ഇത്തരം പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ പറയാനും എഴുതാനും അവസരം നൽകണം.
- 'ഥ' എന്ന അക്ഷരം വരുന്ന ഏതൊക്കെ വാക്കുകൾ എഴുതാം? നോട്ടുപുസ്തകത്തിൽ എഴുതട്ടെ

**ഥ**

കഥ കടങ്കഥ

അതിഥി ചെറുകഥ

സാരഥി കഥകളി

മിഥില അർഥം

...............

...............

'ഫ' ഉച്ചാരണം

മലയാളത്തിൽ 'പ' എന്ന അക്ഷരത്തിന്റെ അതിഖരമായാണ് 'ഫ' വരുന്നത്.

ഫണം

സഫലം

ഫലം

കഫം

ഇംഗ്ലീഷിൽനിന്നോ മറ്റ് ഭാഷകളിൽനിന്നോ വന്ന വാക്കുകളിൽ നാം സാധാരണയായി ഉപയോഗിക്കുന്ന ഉച്ചാരണം വേറെയാണ്.

ഓഫീസ് സോഫിയ

ഫാദർ ഫോൺ

ഈ ഉച്ചാരണ ഭേദം തിരിച്ചറിഞ്ഞ് ഉപയോഗിക്കാൻ അധ്യാപികയ്ക്ക് കഴിയണം. വ്യാകരണമായി പഠിപ്പിക്കേണ്ടതില്ല.

### സംഭാഷണം

- അമ്മാവനും സിനിമോളും തമ്മിലുള്ള ഫോൺ സംഭാഷണഭാഗം വായിച്ചവതരിപ്പിക്കുന്നു.
- ശബ്ദവ്യതിയാനത്തോടെ ടീച്ചർ നടത്തുന്ന വായന കേൾക്കാനുള്ള അവസരം ലഭിക്കേണ്ടതല്ലേ?
- കുട്ടികൾ രണ്ടുപേരുള്ള ഗ്രൂപ്പാകുന്നു. ഒരാൾ അമ്മാവൻ. മറ്റേയാൾ സിനിമോൾ. പാഠപുസ്തകം നോക്കി അവരവരുടെ സംഭാഷണ ഭാഗം അവതരിപ്പിക്കട്ടെ.
- ടോയ്ഫോൺ ഉപയോഗിച്ച് പറയാൻ കഴിയില്ലേ?

### എനിക്ക് മനസ്സിലായത്

- സിനിമോൾക്ക് ഫോൺ ഇഷ്ടമായോ? എന്തുകൊണ്ട്?
- ഫോൺ സൂക്ഷിച്ചുപയോഗിക്കണം എന്ന് അമ്മാവൻ പറഞ്ഞത് എന്തുകൊണ്ട്?
- ക്ലാസിൽ ഇക്കാര്യം ചർച്ച ചെയ്യണം.
  - ഫോൺ കൈയിൽനിന്ന് വീണുപൊട്ടുന്നതുകൊണ്ട്.
  - കുട്ടികൾ അധികസമയം ഫോൺ ഉപയോഗിക്കരുത്
  - ആരോഗ്യപരമായ കാരണങ്ങൾ

### ശ്രദ്ധിച്ചിരിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

- ചർച്ചയിൽ രൂപപ്പെട്ടുവരുന്ന ആശയങ്ങൾ ടീച്ചർ ക്രോഡീകരിച്ച് ചാർട്ടിലോ ബോർഡിലോ എഴുതണം.
- കുട്ടികൾ അത് വായിക്കട്ടെ.
- ചാർട്ട് മാറ്റിയതിന് ശേഷം അവരുടെ ഭാഷയിൽ പാഠപുസ്തകത്തിൽ എഴുതാം.
- ഏതാനും പേർ അവതരിപ്പിക്കുന്നു.
- അധ്യാപിക ഫീഡ്ബാക്ക് നൽകുന്നു.
- മെച്ചപ്പെടുത്തി എഴുതണമെന്ന് തോന്നുന്നവർ നോട്ടുപുസ്തകത്തിൽ എഴുതട്ടെ.

### അഞ്ചലോട്ടക്കാരൻ
### (പണ്ടത്തെ തപാൽക്കാരൻ)

- പാഠഭാഗം വായിക്കുന്നു.
- വിവരങ്ങൾ അറിയിക്കുന്നതിന് പണ്ടുകാലത്തും ഇന്നും ഉപയോഗിക്കുന്ന മാർഗങ്ങൾ എന്തൊക്കെ? ചർച്ച.



- പ്രാവുകളുടെ കാലിൽ സന്ദേശങ്ങൾ അയക്കുന്ന രീതി
- 'ദമയന്തിയും ഹംസവും' - കഥ പറയാം.
- അഞ്ചലോട്ടക്കാരന്റെ വ്യക്തിവിവരണം പാഠഭാഗത്തെ ചിത്രവും ടെക്സ്റ്റും വായിച്ച് തയ്യാറാക്കൽ.
- കത്ത്, കമ്പി (ടെലഗ്രാഫ്)
- റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ/ഇ-മെയിൽ, നവമാധ്യമങ്ങൾ.

ലഘുവായ പരാമർശങ്ങളിലൂടെ വാർത്താ വിനിമയത്തിന്റെ നാൾവഴികൾ അവതരിപ്പിച്ചാൽ മതി.

### പാടി രസിക്കാം

- വാർത്താവിനിമയ മാർഗങ്ങളായ പത്രം, ടെലിവിഷൻ എന്നിവയെ പരാമർശിക്കുന്ന കവിത വായിച്ച് ഈണം നൽകുന്നു.
- കുട്ടികളെ ചെറു ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പിൽ ചിത്രം നൽകുന്നു. പത്രത്തിലെ ഉള്ളടക്കങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഏറ്റവും കൂടുതൽ കാര്യങ്ങൾ കണ്ടെത്താനായത് ഏതു ഗ്രൂപ്പിനാണ്?
- ടെലിവിഷനിൽ എന്തൊക്കെ പരിപാടികളാണുണ്ടാകാറുള്ളത് - ചർച്ച
  - ചർച്ചയിലെ ആശയവിനിമയത്തിനുള്ള കഴിവുകൾ വിലയിരുത്തിക്കൂടേ?

### പത്രത്തിൽ എന്തെല്ലാം

- നേരത്തെ കണ്ടെത്തിയ കാര്യങ്ങൾ എഴുതട്ടെ.

### എനിക്കിഷ്ടം

- ടെലിവിഷനിൽ വരുന്ന പരിപാടികളിൽ ഓരോരുത്തരുടെയും ഇഷ്ടം വ്യത്യസ്തമായിരിക്കും.
- വ്യക്തിഗതമായി എഴുതുന്നു.
- അവതരണം - ചർച്ച - മെച്ചപ്പെടുത്തൽ.

### വാർത്താവിനിമയ മാർഗങ്ങൾ

- ചിത്രങ്ങൾ നോക്കിയും അനുഭവങ്ങളിൽനിന്നും ദൂരെയുള്ളവരെ വിവരങ്ങൾ അറിയിക്കുന്നതിനുള്ള വിവിധ മാർഗങ്ങൾ പരിചയപ്പെട്ടല്ലോ. അവയുടെ പേരെഴുതാനുള്ള പ്രവർത്തനമാണിത്.

### മേനിപറച്ചിൽ

*ഉദാ:* റേഡിയോയും ടെലിവിഷനും കണ്ടുമുട്ടുന്നു.
(മുഖംമൂടി / ബാഡ്ജ് / പേരെഴുതിയ സ്ട്രിപ്പ് ഉപയോഗിക്കാം)

ഓരോന്നിന്റെയും സവിശേഷതകൾ/പരിമിതികൾ കണ്ടെത്തി സംഭാഷണം നടത്തട്ടെ.

*ഉദാ:* ടെലിവിഷൻ: നിന്നിലൂടെ കേൾക്കാൻ മാത്രമല്ലേ കഴിയൂ. വാർത്തകൾ കേൾക്കാനും കാണാനും ഞാൻ തന്നെ വേണം.

റേഡിയോ: നീയൊന്നും ഇല്ലാതിരുന്ന കാലത്ത് ഞാൻ തന്നെയായിരുന്നു താരം

### എനിക്കു കഴിയും

- ടെലിവിഷന്റെ പ്രത്യേകതകൾ ഇതിനകം മനസ്സിലാക്കിയിട്ടുണ്ട്.
  - കാണാനും കേൾക്കാനും കഴിയുന്നത്.
  - നിമിഷങ്ങൾക്കുള്ളിൽ വളരെ ദൂരെ നടക്കുന്ന കാര്യങ്ങൾ പോലും അതേസമയത്ത് തന്നെ കാണാൻ കഴിയുന്നത്.
  - ടെലിവിഷൻ പരിപാടികളിലെ ഉള്ളടക്ക വൈവിധ്യം.
  - വ്യത്യസ്ത ചാനലുകൾ
  - വാർത്തകൾക്ക് മാത്രം, സിനിമകൾക്ക് മാത്രം, സ്പോർട്സിന് മാത്രം....
- സ്വന്തമായി വിവരണം തയാറാക്കുന്നു.
  - അവതരണം, ചർച്ച, മെച്ചപ്പെടുത്തൽ (ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തിൽ)

### കടങ്കഥകൾ ശേഖരിക്കാം

- വാർത്താവിനിമയ ഉപകരണങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിച്ച് എഴുതുന്നു.
- ഇതിനകം ശേഖരിച്ച വ്യത്യസ്ത കടങ്കഥകൾ ഉപയോഗിച്ച് ക്ലാസിൽ കടങ്കഥാപയറ്റ് മത്സരം നടത്തിക്കൂടേ?
- ഓരോ കുട്ടിക്കും ഒരു കടങ്കഥാശേഖര പുസ്തകം ആയാലോ?
- ക്ലാസിന് പൊതുവായി കടങ്കഥാപ്പതിപ്പുകൾ നിർമ്മിച്ചുകൂടേ?

**ചില കടങ്കഥകൾ ഇതാ**


- അകത്തറുത്താൽ പുറത്തറിയും (ചക്കപ്പഴം)
- വരുമ്പോൾ കറുത്തിട്ട്, പോകുമ്പോൾ വെളുത്തിട്ട് (മുടി)
- പകലെല്ലാം പച്ചക്കായ, രാവായാൽ പഴുത്ത കായ (ബൾബ്)
- വായില്ല നാക്കുണ്ട്, നാക്കിന്മേൽ പല്ലുണ്ട് (ചിരവ)
- മുള്ളുണ്ട് മുരിക്കല്ല, കയ്പുണ്ട് കാഞ്ഞിരമല്ല (പാവയ്ക്ക)
- വേലിപ്പൊത്തിൽ വൈരക്കല്ല് (മിന്നാമിനുങ്ങ്)
- മുറ്റത്തെ ചെപ്പിനടപ്പില്ല (കിണർ)
- പകലെല്ലാം കളിച്ചു നടക്കും, രാത്രിയായാൽ പുഴയിൽ മുങ്ങും (സൂര്യൻ)
- ഞെട്ടില്ല വട്ടയില (പപ്പടം)
- കാളകിടക്കും കയറോടും (മത്തങ്ങ)

### പാടാം രസിക്കാം

'സ്കൂൾ മാസ്റ്റർ' എന്ന സിനിമയിൽ വയലാർ രാമവർമ്മ രചിച്ച് ജി. ദേവരാജൻ ഈണം നൽകി എം.എസ്. രാജേശ്വരി പാടിയ ഗാനമാണിത്. കുട്ടികൾക്ക് ഓഡിയോ കേൾപ്പിച്ചുകൊടുക്കണം.

### വായിച്ചുരസിക്കാം

**ഹമ്പോ കമ്പ്യൂട്ടർ**




കമ്പ്യൂട്ടറിനെക്കുറിച്ചുള്ള ഒരു ലഘു വിവരണമാണ് ഈ വായന സാമഗ്രിയുടെ ഉള്ളടക്കം. കുട്ടികൾ സ്വയം വായിച്ചു മനസ്സിലാക്കാൻ ഉദ്ദേശിച്ചാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

- വായിച്ചു കണ്ടെത്തിയ കാര്യങ്ങൾ വിവരിക്കാൻ, ചുരുക്കി എഴുതാൻ കുട്ടികൾക്ക് കഴിയില്ലേ?
- പഠനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കൈയെഴുത്തു മാസികകൾ/ഡിജിറ്റൽ മാഗസിനുകൾ തയാറാക്കി ഇതുപോലെയുള്ള രചനകൾ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാവുന്നതാണ്. മികച്ച രചനകൾ തളിര്, പൂക്കാലം എന്നിവയിലേക്കും അയക്കാം.


### ചുവന്ന പൂവ്

സഫ്ദർ ഹഷ്മിയുടെ 'ചുവന്ന പൂവ്' എന്ന കഥയുടെ അടിസ്ഥാനമാക്കിയുള്ള ഒരു ചിത്രകഥയാണിത്.

- ചിത്രങ്ങൾ നിരീക്ഷിച്ചും താഴെ നൽകിയിരിക്കുന്ന വാക്യങ്ങൾ വായിച്ചും സ്വന്തമായി കഥയിലെ ആശയം മനസിലാക്കട്ടെ.
- തുടർന്ന് കഥ സ്വന്തം ഭാഷയിൽ പറഞ്ഞവതരിപ്പിക്കുന്നു.
- കഥാവതരണത്തെ എങ്ങനെ വിലയിരുത്താം?
  - കഥാസന്ദർഭങ്ങളുടെ ഭാവം ഉൾക്കൊണ്ടുകൊണ്ട് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
  - സംഭവങ്ങൾ ക്രമപ്പെടുത്തി കഥപറയാൻ കഴിഞ്ഞുവോ?
  - ഉചിതമായ ശബ്ദവ്യതിയാനത്തോടെ അവതരിപ്പിക്കാനായോ?
  - അനുയോജ്യമായ ഭാഷ (പദങ്ങൾ, പ്രയോഗങ്ങൾ...) ഉപയോഗിക്കാൻ എത്രമാത്രം കഴിഞ്ഞു.



അവതരണങ്ങളെക്കുറിച്ച് വിലയിരുത്താൻ സൂചകങ്ങളെ അടിസ്ഥാനമാക്കി ഫീഡ്ബാക്കുകൾ നൽകണം.



ഭാഗം 4 ഇതൾ 2

# നമ്മെ നയിച്ചവർ

## ആമുഖം

നാം പിന്നിട്ട വഴികൾ എന്ന പ്രമേയത്തിലൂന്നി നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുവിനെയും രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെയും പ്രാഥമികമായി പരിചയപ്പെടുത്തുന്ന പാഠഭാഗമാണ് നമ്മെ നയിച്ചവർ. ശ്രീനാരായണഗുരുവിന്റെ ബാല്യകാലത്തെ ഒരു സംഭവം, 1925 മാർച്ച് 12 ന് ഗുരുവിന്റെ ആശ്രമത്തിലെത്തിയ ഗാന്ധിജിയും ഗുരുവും തമ്മിൽ നടന്ന സംഭാഷണം എന്നിവയിലൂടെയാണ് പാഠം വികസിക്കുന്നത്. ഗാന്ധിജിയെക്കുറിച്ച് നൽകിയിട്ടുള്ള പ്രാഥമിക വിവരങ്ങൾ പ്രയോജനപ്പെടുത്തി ഒരു ലഘു കുറിപ്പു തയാറാക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പെൺകരുത്തിൽ പ്രമുഖയും പഴയ വള്ളുവനാട്ടിലെ നവോത്ഥാന നായികയുമായ ശ്രീമതി ആര്യാപള്ളത്തെ പരിചയപ്പെടാനുള്ള അവസരം വായിച്ചു രസിക്കാം എന്ന ഭാഗത്ത് എല്ലാവരും 'പള്ളിക്കൂടത്തിലേക്ക്' എന്ന സംഭവ വിവരണത്തിലൂടെ നൽകിയിട്ടുണ്ട്.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| റ്റ | കുറിപ്പുകൾ, ലഘുവിവരണങ്ങൾ |

## പഠനനേട്ടങ്ങൾ

- കേരളത്തിലെയും മറുനാടിലേയും നവോത്ഥാന നായകരുടെ ചിത്രങ്ങളും സംഭവങ്ങളും ശേഖരിച്ച് പതിപ്പുകൾ രൂപപ്പെടുത്തുന്നു.
- നവോത്ഥാന നായകരുടേയും സംഭവങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുന്നു. ലഘു പ്രശ്നോത്തരികളിൽ ഏർപ്പെടുന്നു.

## സാമഗ്രികൾ

ശ്രീനാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, ആര്യാപള്ളം, വക്കം അബ്ദുൾ ഖാദർ മൗലവി, പൊയ്കയിൽ യോഹന്നാൻ തുടങ്ങിയ കേരളീയ നവോത്ഥാനനായകരുടെ ചിത്രങ്ങൾ / ഫോട്ടോകൾ.

## പ്രവർത്തനങ്ങൾ


### അനുഭവം പറയാം

ഉദാ: ടീച്ചർ സ്വന്തം കുട്ടിക്കാലത്തെ ഒരു അനുഭവം പറയുന്നു. (പൂച്ചയിൽനിന്നും കോഴിക്കുഞ്ഞിനെ രക്ഷിച്ചത്/അണ്ണാൻകുഞ്ഞിനെ രക്ഷിച്ചു പോറ്റിയത്...)

തുടർന്ന് ഓരോ കുട്ടിക്കും സ്വന്തം അനുഭവം പറയാൻ അവസരം നൽകുന്നു.

### ദൈവത്തിനും സന്തോഷമാവില്ലേ

'ഇനി നമുക്ക് ഒരു കുട്ടിയുടെ ജീവിതത്തിലുണ്ടായ ഒരു സംഭവകഥ പരിചയപ്പെടാം' - എന്ന ആമുഖത്തോടെ ടീച്ചർ പാഠഭാഗം, സ്വരഭേദവും വൈകാരികതയും നൽകി വായിച്ചവതരിപ്പിക്കുന്നു.



- കുട്ടിയുടെ പേരെന്ത്?
- കുട്ടി കാണിച്ച കുരുത്തക്കേട് എന്താണ്?
- ഇതിന് കുട്ടി പറഞ്ഞ ന്യായം എന്താണ്?
- പാഠത്തിന്റെ തുടക്കത്തിലുള്ള ചിത്രങ്ങളുടെ കൂട്ടത്തിൽ, പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന ഈ കുട്ടിയുടെ ചിത്രവുമുണ്ട്. ആരാണെന്ന് ഊഹിക്കാമോ?

  സാക്ഷാൽ ശ്രീനാരായണഗുരു എന്ന വിസ്മയത്തിലേക്ക് ചെന്നെത്തും വിധം സംവാദം നയിക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

### ചോദ്യങ്ങൾ ഉണ്ടാക്കാം

നാണുവിന്റെ കഥ കേട്ടല്ലോ. ഈ കഥ അടിസ്ഥാനമാക്കി നമുക്ക് എന്തെല്ലാം ചോദ്യങ്ങൾ ഉണ്ടാക്കാം?

**വീട്ടിൽ എന്തിനു വേണ്ടിയാണ് പൂജ നടത്തുന്നത്?**

**വിഗ്രഹത്തിനു മുമ്പിൽ എന്തെല്ലാമാണ് ഒരുക്കി വച്ചിട്ടുള്ളത്?**

**'പഴവും പലഹാരവും വച്ച തളികയിൽ അവന്റെ കുഞ്ഞിക്കണ്ണുകൾ പതിഞ്ഞു' – ആരുടെ?**

**പിന്നെ അവൻ എന്താണ് ചെയ്തത്?**

**ആരാണ് അവനെ ശാസിച്ചത്? എന്താണ് പറഞ്ഞത്?**

**ഇതിന് കുട്ടി പറഞ്ഞ മറുപടിയെന്ത്?**

**ഈ കുസൃതി ആരാണ്?**

### വായിക്കാം അഭിനയിക്കാം

കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പും ഒരു കുട്ടി ഒരു വരി എന്ന ക്രമത്തിൽ ക്ലാസിൽ ഉറക്കെ പാഠം വായിച്ച് അവതരിപ്പിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും പാഠഭാഗം അഭിനയിച്ച് അവതരിപ്പിക്കുന്നു. (ഓരോ ഗ്രൂപ്പിനും വേണ്ട സഹായം നൽകാൻ ടീച്ചർ പ്രത്യേകം ശ്രദ്ധിക്കണം)

## ഗുരുദേവനും ഗാന്ധിജിയും


### ചിത്രം വായന

ടീച്ചർ: ചിത്രം കണ്ടല്ലോ? ആരെല്ലാമാണ് മാവിൻ ചുവട്ടിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്?

അവർ എന്താണ്
പറഞ്ഞുകൊണ്ടിരിക്കുന്ന
തെന്നറിയാൻ നിങ്ങൾക്കു
താൽപര്യമില്ലേ?

ടീച്ചർ പാഠഭാഗം വായിച്ച് അവതരിപ്പിക്കുന്നു. തുടർന്ന് ആശയഗ്രഹണം നടന്നു എന്ന് ഉറപ്പുവരുത്താനായി കുട്ടികളോട് ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- ആരാണ് ഗുരുവിന്റെ ആശ്രമത്തിൽ എത്തിയത്?
- എന്തായിരുന്നു അവരുടെ സംഭാഷണ വിഷയം?
- മാവിലേക്ക് ചൂണ്ടി എല്ലാ മാവിലകളും ഒരേ വലിപ്പത്തിലല്ലേ എന്നു പറഞ്ഞത് ആരാണ്? എന്തിനാണ് അപ്രകാരം പറഞ്ഞത്?
- ഇതിന് മറ്റേയാൾ പറഞ്ഞ മറുപടി എന്താണ്?



### ആൽബം ഉണ്ടാക്കാം

ടീച്ചർ നാരായണഗുരു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, ആര്യാപള്ളം, അബ്ദുൾ ഖാദർ മൗലവി, പൊയ്കയിൽ യോഹന്നാൻ തുടങ്ങിയ കേരളീയ നവോത്ഥാന നായകരുടെ ചിത്രങ്ങൾ / ചാർട്ട് പ്രദർശിപ്പിക്കുന്നു. ഓരോരുത്തരെയും പരിചയപ്പെടുത്തുന്നു.

- ഇവ എവിടെ നിന്നെല്ലാം ശേഖരിക്കാം? ആരുടെയെല്ലാം സഹായം തേടാം?
  (ഗൂഗിൾ, പത്രമാസികകൾ, അച്ഛൻ, അമ്മ, മുതിർന്നവർ)

ഇവ ശേഖരിച്ച് നമുക്ക് ഒരു ആൽബം ഉണ്ടാക്കിയാലോ?

ഓരോ ചിത്രത്തിനു കീഴിലും മൂന്നോ നാലോ വാക്യത്തിൽ ഒരു അടിക്കുറിപ്പുമാവാം.

- അടിക്കുറിപ്പിൽ എന്തെല്ലാം ഉൾപ്പെടുത്താം?
  (പേര്, ജനനം, മരണം, പ്രധാന സംഭവം/സംഭാവന)

### ഗാന്ധിജിയെക്കുറിച്ച് ഒരു ലഘുവിവരണം തയാറാക്കാം

ടീച്ചർ: ഗാന്ധിജിയെക്കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് പുസ്തകത്തിൽ തന്നിട്ടുള്ളത്?

- മുഴുവൻ പേരെന്ത്?
- എന്ന്? എവിടെ ജനിച്ചു?
- അമ്മയുടെയും അച്ഛന്റെയും പേരെന്ത്?
- ജീവിത പങ്കാളിയുടെ പേരെന്ത്?
- പ്രശസ്തിയെന്ത്?
- എന്നാണ് മരിച്ചത്?

കുട്ടികൾ വിവരങ്ങൾ വായിച്ച് സ്വയം ഉത്തരങ്ങൾ പറയട്ടെ. ഒരു കുറിപ്പ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കട്ടെ.

**ഗാന്ധിജിയുടെ മുഴുവൻ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നാകുന്നു.**
**അദ്ദേഹം 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു.**
**അദ്ദേഹത്തിന്റെ അമ്മ പുത്‌ലിബായിയും അച്ഛൻ കരംചന്ദ് ഗാന്ധിയുമാണ്.**
**അദ്ദേഹത്തിന്റെ പത്നിയുടെ പേര് കസ്തൂർബാഗാന്ധി എന്നാണ്.**
**സത്യത്തിലും അഹിംസയിലും അടിയുറച്ച ജീവിതമാണ് അദ്ദേഹം നയിച്ചത്.**
**സത്യഗ്രഹം എന്ന സമരമാർഗ്ഗത്തിലൂടെ അദ്ദേഹം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്നു.**
**1948 ജനുവരി 30 ന് അദ്ദേഹം വധിക്കപ്പെട്ടു.**

ഓരോ കുട്ടിയും തയ്യാറാക്കിയ കുറിപ്പ് ക്ലാസിൽ വായിച്ച് അവതരിപ്പിക്കുന്നു. ടീച്ചറുടെ ഇടപെടലിലൂടെ മെച്ചപ്പെടുത്തിയതിനു ശേഷം പുസ്തകത്തിൽ നൽകിയിട്ടുള്ള സ്ഥലത്തു എഴുതിച്ചേർക്കുന്നു.

## എനിക്കു കഴിയും

കറ്റ, ഒറ്റ തുടങ്ങിയ 'റ്റ' വരുന്ന വാക്കുകളും, കാറ്റ്, മുറ്റം തുടങ്ങിയ ചിഹ്നം ചേർന്നുവരുന്ന വാക്കുകളും കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.
കണ്ടെത്തിയ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങളും ആശയങ്ങളും രൂപീകരിക്കട്ടെ.
ഇതുപോലെ കുട്ടികൾ ജീവിക്കുന്ന പ്രദേശത്ത് ജീവിച്ചിരുന്ന ഏതെങ്കിലും ഒരു ജനനായകന്റെ സ്മാരകം സന്ദർശിച്ച് പരമാവധി വിവരങ്ങൾ ശേഖരിച്ച് സ്വന്തമായി ഒരു കുറിപ്പു തയാറാക്കണം.

എന്തെല്ലാം സാധ്യതകൾ?

- സ്മാരകം
- സ്ഥാപനം (വായനശാല, സാംസ്കാരിക നിലയങ്ങൾ....)
- പ്രായം ചെന്ന വ്യക്തികൾ
- കുടുംബാംഗങ്ങൾ

വെർച്ചൽ സാധ്യതകൾ ആകാമോ?

## വായിച്ചു രസിക്കാം


കേരളത്തിലെ മൺമറഞ്ഞ പെൺ കരുത്തിൽ പ്രധാനിയും നവോത്ഥാന സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീമതി ആര്യാപള്ളത്തിന്റെ ജീവിതത്തിൽ നിന്നും കണ്ടെടുത്ത ഒരേടാണ് 'എല്ലാവരും പള്ളിക്കൂടത്തിലേക്ക്' എന്ന സംഭവകഥ. ഈ ഭാഗം കുട്ടികൾക്ക് സ്വയം വായിച്ചു രസിക്കാൻ വേണ്ടി നൽകിയിട്ടുള്ളതാണ്. എങ്കിലും ആര്യാപള്ളത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കുട്ടികളോട് പറഞ്ഞുകൊടുക്കുന്നത് ഉചിതമാകും.



## ആര്യാപള്ളം

*മാധവശ്ശേരി മനയ്ക്കൽ പരമേശ്വരൻ നമ്പൂതിരിയുടെയും ആര്യാ അന്തർജ്ജനത്തിന്റെയും മകളായി 1908 ൽ വള്ളുവനാട്ടിൽ ജനിച്ചു. സ്വന്തം സമുദായത്തിലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളുമായിരുന്നു കണ്ടു വളർന്നത്. സ്ത്രീ ജന്മം ഒരു ശാപമായായിട്ടാണ് അക്കാലത്തെ നമ്പൂതിരികുടുംബങ്ങൾ കണ്ടിരുന്നത്. വൈവാഹിക ജീവിതം വളരെക്കുറച്ചു പേർക്കുമാത്രമായിരുന്നു വിധിച്ചിരുന്നത്, ഇനി വിവാഹം നടന്നാൽ തന്നെ വൃദ്ധനായ ഏതെങ്കിലും ഒരാളായിരിക്കും വരൻ. ഋതുമതികളായ സ്ത്രീകൾക്കുള്ള വിലക്കുകൾ, മാറുമറയ്ക്കാതെ നടക്കുക ഇത്തരം അനാചാരങ്ങൾക്കെതിരേ പ്രവർത്തിക്കേണ്ടതുണ്ടെന്ന് ആര്യ മനസ്സിലാക്കി. പതിമൂന്നാം വയസ്സിലായിരുന്നു വിവാഹം. പുലാമന്തോൾ പള്ളത്തു മനയ്ക്കൽ കൃഷ്ണൻ നമ്പൂതിരിയായിരുന്നു ഭർത്താവ്. നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന തെറ്റായ ആചാരങ്ങൾക്കെതിരേ ആര്യ ശബ്ദമുയർത്തിത്തുടങ്ങി. ഭർത്താവിന്റെ പൂർണ്ണ പിന്തുണയും അവർക്കുണ്ടായിരുന്നു.*

*ഭർത്തൃപിതാവിന്റെ ആജ്ഞകളെ ലംഘിച്ചു. മാറുമറച്ചു നടക്കാൻ തുടങ്ങി. മറക്കുടയും ഘോഷയാത്രയും ഇല്ലാതെ ഇല്ലത്തിനു പുറത്തിറങ്ങി സഞ്ചരിക്കാൻ തുടങ്ങി. മറ്റു മതക്കാരുകൂടി പങ്കെടുത്ത സമ്മേളനത്തിൽ സംബന്ധിച്ചു. ഹരിജൻ കുട്ടികളെ ക്ഷേത്രത്തിൽ കയറ്റി. സ്വന്തം മക്കളെ മറ്റു ജാതിയിലുള്ളവർക്ക് വിവാഹം ചെയ്തു കൊടുത്തു. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ പത്താംദിവസം സമരപന്തലിൽ ആര്യ പ്രസംഗിച്ചു, കെ.കേളപ്പന് ശേഷം താൻ തന്നെ നിരാഹാരം കിടക്കാമെന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കുകയും ചെയ്തു. താഴെക്കിടയിൽ ജീവിക്കുന്ന സ്ത്രീകൾ കഴുത്തിൽ കല്ലുമാലയും കെട്ടി നടക്കുന്നതിനെതിരേ വ്യാപകമായ പ്രചരണം സംഘടിപ്പിച്ചു. ഇതിനു വേണ്ടി മാലയും, വളയും മറ്റാഭരണങ്ങളും അവർ ഉപേക്ഷിച്ചു. രാഷ്ട്രീയമായ അടിമത്തവും, സാമ്പത്തികമായ അടിമത്തവും ഉന്മൂലനം ചെയ്യാതെ സാമൂഹികമായ തുലനം കൈവരുകയില്ലെന്ന മനസ്സിലാക്കിയ ആര്യ സാമൂഹ്യപ്രവർത്തനത്തിൽ ഊന്നി ജീവിച്ചു. 1989 ൽ അന്തരിച്ചു.*



ഭാഗം 4 ഇതൾ 3

# ദൂരം താണ്ടാം

## ആമുഖം

വാഹനങ്ങൾ എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് പാഠം തയ്യാറാക്കിയിരിക്കുന്നത്. പിന്നിട്ട വഴികൾ എന്തൊക്കെയെന്ന് തിരിച്ചറിയുകയാണ് ലക്ഷ്യം. പണ്ടുകാലത്തെ വാഹനങ്ങളും യാത്രാ സൗകര്യങ്ങളും പ്രതിപാദിക്കുന്ന നാടോടിക്കഥയുടെ പശ്ചാത്തലത്തിലാണ് പാഠം വികസിക്കുന്നത്. 'ആദ്യത്തെ തോണിയാത്ര' എന്ന അനുഭവ വിവരണവും ഉൾപ്പെടുത്തിയിരിക്കുന്നു. വഞ്ചിപ്പാട്ട് എന്ന ഗാനശാഖയിലെ ഏതാനും വരികളാണ് ചൊല്ലി രസിക്കാനായി നൽകിയിരിക്കുന്നത്. കഥയെ നാടകമാക്കൽ, പഴയകാല വാഹനങ്ങൾ പരിചയപ്പെടൽ, പുഴയിൽനിന്നും കരയിലേക്ക് നോക്കുമ്പോഴുള്ള കാഴ്ചകളുടെ വർണ്ണന, വാഹനങ്ങളുടെ മേനിപറച്ചിൽ, കടലാസ് വഞ്ചി നിർമ്മാണം, സൈക്കിളിനെക്കുറിച്ചുള്ള കുറിപ്പ് തയ്യാറാക്കൽ, ഭാഷാകേളികൾ, ചിത്രം വരച്ച് നിറം കൊടുക്കൽ എന്നീ പ്രവർത്തനങ്ങളും ഒരുക്കിയിട്ടുണ്ട്. വായിച്ചു രസിക്കാനായി 'ചക്രക്കസേരയിലെ കൂട്ടുകാരി' എന്ന വായനാ സാമഗ്രിയും നൽകിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ, നാടൻപാട്ടുകൾ, വായ്ത്താരികൾ എന്നിവ ഒറ്റയ്ക്കും കൂട്ടായും ഈണത്തിൽ ചൊല്ലുക.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ട്ട, ത്ത, പ്പ, ഉ, ചോദ്യങ്ങൾ ഉണ്ടാക്കൽ | സംഭാഷണം, നാടകം, ചോദ്യപ്പയറ്റ്, വർണ്ണന, കുറിപ്പുകൾ |

## സാമഗ്രികൾ

പണ്ടത്തെ വാഹനങ്ങളുടെയും ഇന്നത്തെ വാഹനങ്ങളുടെയും ചിത്രങ്ങൾ/മാതൃകകൾ.
കളിവഞ്ചിയുണ്ടാക്കുന്നതിനുള്ള കടലാസ്.

## പ്രവർത്തനങ്ങൾ/പ്രക്രിയ

- നിങ്ങൾ പല സ്ഥലങ്ങളിലേക്കും യാത്രപോകാറില്ലേ? എങ്ങനെയാണ് പോയത്? ആരൊക്കെ ഒപ്പമുണ്ടായിരുന്നു? യാത്രയ്ക്കിടയിൽ എന്തൊക്കെ കണ്ടു?
- ടീച്ചറും ഒരു യാത്രാനുഭവം പറയട്ടെ.
- കുറച്ചുപേർക്ക് യാത്രാനുഭവങ്ങൾ പറയാൻ അവസരം നൽകാം.
- ഇട്ടിത്തുപ്പനും ഇട്ടിത്തേയിയും ഉത്സവം കാണാൻ പോയ കഥ അറിയാമോ? നമ്മുടെ പാഠപുസ്തകത്തിൽ നിന്ന് വായിച്ചുനോക്കാം. പാട്ടും വിവരണവും ഇടകലർന്ന രീതിയിലാണ് പാഠം.
- ചിത്രം വായിക്കുന്നു. ഇവർ ആരൊക്കെയായിരിക്കും? പണ്ടുകാലത്തെ വസ്ത്രധാരണം, തലമുടിയുടെ പ്രത്യേകതകൾ ഒക്കെ ശ്രദ്ധയിൽ പെടുത്താൻ ശ്രമിക്കണം.
- പാഠഭാഗം ടീച്ചർ വായിച്ചവതരിപ്പിക്കുന്നു.
  - കഥാപാത്രങ്ങൾ ആരൊക്കെ ഈ കഥയിലുണ്ട്? കുട്ടികൾ വായിച്ചു കണ്ടെത്തട്ടെ.
  - ഇതിൽ നിങ്ങൾക്കറിയാത്ത ഏതൊക്കെ വാക്കുകളുണ്ട്?
  - വീണ്ടും കഥ വായിക്കുന്നു. പരിചിതമല്ലാത്ത പദങ്ങൾക്കടിയിൽ വരയട്ടെ.
  - കണ്ടെത്തിയ വാക്കുകൾ പറയുമ്പോൾ ടീച്ചർ ചാർട്ടിൽ/ബോർഡിൽ എഴുതുന്നു.
  - ചില വാക്കുകൾ ക്ലാസിലെ മറ്റുള്ളവർക്ക് അറിയുന്നതാവാം. എങ്കിൽ അതിന്റെ അർഥം ഇന്നതാണെന്ന് അവർ വിശദമാക്കുന്നു. വിശദമാക്കിയ വാക്ക് ചാർട്ടിൽ/ബോർഡിൽ വെട്ടുന്നു.

- ഇനിയും ബാക്കിയായ പദങ്ങൾ ഏതൊക്കെ? സന്ദർഭത്തിൽ നിന്നും അർഥം ഊഹിച്ചു പറയട്ടെ.

  മാമാങ്കം

  കണ്ടം

  പണയം

  മൊഞ്ചുള്ള

  ചേല

  മഞ്ചൽ

  വാല്യക്കാരൻ

### നാടകമാക്കാം

- വീണ്ടും പാഠം വായിക്കട്ടെ.
- പാഠത്തിൽ പറയുന്ന കഥയുടെ സാരാംശം മനസ്സിലാക്കി അവ സംഭാഷണ രൂപത്തിൽ പറയട്ടെ.
- തുടർന്ന് അവ എഴുതി നോക്കട്ടെ.
- ആദ്യം ഗ്രൂപ്പിൽ സംഭാഷണങ്ങൾ എഴുതുന്നതല്ലേ നല്ലത്?
- അവ പൊതുക്ലാസിൽ അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പിന്റെയും അവതരണങ്ങൾ കേൾക്കുമ്പോൾ ഉണ്ടാവുന്ന സ്വയം തിരിച്ചറിവുകൾ മെച്ചപ്പെടുത്തലിനെ സഹായിക്കും.
- ടീച്ചർ നൽകുന്ന ഫീഡ്ബാക്കുകളും പ്രധാനമാണ്.
- മെച്ചപ്പെടലിന് സഹായകരമായ പരസ്പരചർച്ചകൾ ഉറപ്പുവരുത്തണം.
- തുടർന്ന് വ്യക്തിഗതമായി പാഠപുസ്തകത്തിൽ എഴുതട്ടെ.

### അഭിനയിക്കാം


- കുട്ടികൾ കഥയിലെ കഥാപാത്രങ്ങളായി നാടകം അവതരിപ്പിക്കുന്നു.
- കുട്ടികൾ ശബ്ദം കൊടുത്ത് റേഡിയോ നാടകമായി റേഡിയോ മലയാളം ക്ലബ്ബിൽ അവതരിപ്പിക്കട്ടെ.

### ചിത്രത്തിലെന്തൊക്കെ?

- പണ്ടുകാലത്തെ വാഹനങ്ങളാണ് ചിത്രത്തിൽ.
- അവ ഏതൊക്കെയാണെന്ന് പറയാൻ കഴിയുമോ?
- ചിത്രത്തിന് താഴെക്കൊടുത്ത പേരുകൾ വായിക്കട്ടെ.
  ഇവയിൽ എന്തൊക്കെ ആവശ്യത്തിനുള്ള വാഹനങ്ങളുണ്ട്.
  - യാത്ര ചെയ്യാൻ
  - ചരക്കുകൾ കൊണ്ടുപോകാൻ
  - രണ്ടിനും ഉപകരിക്കുന്നവ.

- ലോകത്തിന്റെ പല ഭാഗത്തും വണ്ടികൾ വലിക്കാൻ മൃഗങ്ങളെ ഉപയോഗിക്കുന്നു. ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തി അവ പരിചയപ്പെടുത്താം.
  - ചിലയിനം നായ്ക്കൾ വലിക്കുന്നവ
  - മാനുകൾ വലിക്കുന്നവ
  - കാള, കുതിര, പോത്ത് വണ്ടികൾ
  -
  -

### ആദ്യത്തെ തോണിയാത്ര



- ഫസീലയുടെ യാത്രാനുഭവം വായിക്കുന്നു.
- ഭാഷാപ്രയോഗങ്ങൾ ഭാഷയുടെ ഭംഗിയും ശക്തിയും വർധിപ്പിക്കുന്നു. അവയ്ക്കുള്ള ഉദാഹരണങ്ങൾ വായന സാമഗ്രിയിൽ നിന്നും കണ്ടെത്തട്ടെ.
- പുഴവെള്ളത്തെ കീറിമുറിച്ച് മുന്നോട്ടു പോകുന്ന തോണി
- കലങ്ങിമറിഞ്ഞ് ഒഴുകുന്ന പുഴ
- ചാഞ്ഞും ചരിഞ്ഞും മുന്നോട്ടുപോകുന്ന തോണി.

ഈ പാഠഭാഗത്തുനിന്നും എന്തൊക്കെ ചോദ്യങ്ങളുണ്ടാക്കാം? ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും കണ്ടെത്തി പറയട്ടെ.

### ചോദ്യോത്തരപ്പയറ്റ്

- കണ്ടെത്തിയ ചോദ്യങ്ങൾ ഉപയോഗിച്ച് ചോദ്യോത്തരപ്പയറ്റ് നടത്തുന്നു.
- ചോദ്യങ്ങൾ പാഠപുസ്തകത്തിൽ എഴുതിച്ചേർക്കട്ടെ.

### ഫസീല കണ്ട കാഴ്ചകൾ

- പുഴ മധ്യത്തിലെത്തിയ തോണിയിൽ നിന്ന് ഫസീല തിരിഞ്ഞുനോക്കി. ദൂരെ കരയിൽ എന്തൊക്കെ കാഴ്ചകൾ?
  - തലയാട്ടി മാടിവിളിക്കുന്ന ഞണ്ടുകൾ
  - തീപ്പെട്ടിക്കൂടുകൾ പോലെയുള്ള വീടുകൾ
  - തലയുയർത്തി നിൽക്കുന്ന ടവറുകൾ
  - പഞ്ചാരമണൽ വിരിച്ച പുഴയോരം
  - കൊതുമ്പുകൾ നിരയായി വെച്ചിരിക്കുന്നപോലെ തോണികൾ
  - പൊന്തക്കാടുകൾക്കിടയിൽ നിന്ന് തല പൊന്തിച്ചുനോക്കുന്ന കെട്ടിടങ്ങൾ.

- ഇനിയും എന്തൊക്കെ കാഴ്ചകൾ? ചിത്രത്തിന്റെ കൂടി സഹായത്തോടെ ആശയങ്ങൾ ചർച്ച ചെയ്യണം.
- വിശേഷണങ്ങൾ ചേർക്കൽ, പ്രയോഗങ്ങൾ ഉൾപ്പെടുത്തൽ

### പണ്ടത്തെയും ഇന്നത്തെയും വാഹനങ്ങൾ

- പട്ടികപ്പെടുത്താനുള്ള പ്രവർത്തനമാണിത്.
- കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കട്ടെ.

### യാത്രാനുഭവം എഴുതാം

- യാത്രാനുഭവങ്ങൾ നേരത്തെ അവതരിപ്പിക്കാൻ നൽകിയിട്ടുണ്ടല്ലോ. അവ മെച്ചപ്പെടുത്താനുള്ള ഫീഡ്ബാക്കുകൾ നൽകിയശേഷം എഴുതട്ടെ.
- രചനകളിൽ പുതിയ പദങ്ങളും പ്രയോഗങ്ങളും ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടോ?
- ആശയ ക്രമത്തോടെ പറയാനും എഴുതാനും സാധ്യമാവുന്നുണ്ടോ?

### പാടാം രസിക്കാം


- വഞ്ചിപ്പാട്ട് എന്ന ഗാനശാഖ പരിചയപ്പെടാനുള്ള സന്ദർഭം കൂടിയാണിത്.
- കുട്ടികൾ തുഴഞ്ഞഭിനയിച്ചുകൊണ്ട് പാടട്ടെ.
- വഞ്ചിപ്പാട്ടിന്റെ ഈണം പരിചയപ്പെടുന്ന വിധം ഓഡിയോ/വീഡിയോ പ്രയോജനപ്പെടുത്തിക്കൂടേ?
- വഞ്ചിപ്പാട്ടിന്റെ വായ്ത്താരി പരിചയപ്പെടുത്തണം.
- വള്ളം കളിയെക്കുറിച്ച് ഒരു ചെറു വിവരണം നൽകാം.

### വായ്ത്താരികൾ

- ഓരോ പാട്ടിന്റെയും ഈണവും താളവും വ്യത്യസ്തമാണ്. വായ്ത്താരികൾ മാറുന്നതിനനുസരിച്ച് പാട്ടിന്റെ ഈണവും താളവും മാറുന്നു.
- ചില വായ്ത്താരികൾ നോക്കൂ.
  - അയ്യയ്യാ ഹരി അയ്യയ്യാ<br>അയ്യയ്യാ ഹരി അയ്യയ്യാ
  - താനാരോ തന്നാരോ തക<br>താനാരോ തന്നാരോ
  - താ തിനന്താ താത്തിനന്താ<br>താത്തിനന്താ തെയ്യത്താരാ
  - താരിളം തെയ്യാരാ തെയ്യത്താരാ<br>താരിളം തെയ്യാരാ.
- ക്ലാസിൽ സംഘങ്ങളായി തിരിഞ്ഞ് വായ്ത്താരി ആലാപന മത്സരം നടത്താവുന്നതാണ്.

## സൈക്കിൾ വരയ്ക്കാം നിറം നൽകാം

- എളുപ്പത്തിൽ സൈക്കിൾ വരയ്ക്കാം.



ഓരോ സ്റ്റെപ്പുകളായി ടീച്ചർ നൽകുന്ന നിർദ്ദേശമനുസരിച്ച് നോട്ട് ബുക്കിൽ ചിത്രം വരച്ച് നൽകട്ടെ.

സൈക്കിളിന് ഇനി എന്തൊക്കെ ആവാം?


## സൈക്കിളിനെക്കുറിച്ച് ഒരു കുറിപ്പ്


- സൈക്കിളിന്റെ സവിശേഷതകൾ എന്തൊക്കെ

| | |
|---|---|
| - രണ്ടു ചക്രങ്ങൾ | - കാരിയർ |
| - ഹാൻഡിൽ | - ലൈറ്റ് |
| - പെഡൽ | - |
| - സീറ്റ് | - |

- ഇന്ധനങ്ങൾ ഉപയോഗിക്കാത്ത വാഹനം.
- സൈക്കിൾ യാത്ര ഒരു വ്യായാമം കൂടിയാണ്.
- ഏത് ഇടവഴിയിലൂടെയും സഞ്ചരിക്കാം.
- 
- 

## കളിവഞ്ചി ഉണ്ടാക്കാം





### എനിക്ക് കഴിയും

- ചിഹ്നങ്ങൾ കൂടി ചേർത്ത് വാക്കുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണിത്.

| | |
|---|---|
| വെണ്ടക്ക | വരണ്ടു |
| അരിപ്പ | പരന്ന |
| അരണ | പരന്നു |
| അക്കരെ | തിരക്ക് |
| കണവ | |
| വണക്കം | |
| തകര | |
| പരിപ്പ് | |
| കാക്ക | പക |
| അപ്പം | പുക |
| അട്ട | പുര |
| വട്ടം | തരി |
| കപ്പ | താരം |
| കര | തിന്നു |
| വട്ടി | വന്നു |
| കണ്ടു | പണി |
| കണ്ടം | പണം |
| അന്ന് | വണ്ടി |
| വരി | പണ്ട് |
| വണ്ട് | കണ്ട് |

- ഈ വാക്കുകൾ ഉപയോഗിച്ച് എത്ര വാക്യങ്ങൾ ഉണ്ടാക്കാം?
  - പുക പരന്നു
  - കാക്ക അപ്പം കണ്ടു.
  -
  -

### സംഭാഷണം എഴുതുക

- സൈക്കിളും കാറും അവരവരുടെ പ്രത്യേകതകൾ പറഞ്ഞുകൊണ്ട് മേനി പറയുകയാണ്.
- എന്തൊക്കെയായിരിക്കും പറഞ്ഞിരിക്കുക? വ്യക്തിഗതമായി എഴുതട്ടെ.

### വായിച്ചു രസിക്കാം

- ചക്രക്കസേരയിലെ കൂട്ടുകാരി എന്ന വായനാ സാമഗ്രി സ്വതന്ത്രമായി വായിക്കട്ടെ.
- പ്രളയ ദുരിതത്തിൽപ്പെട്ടവരെ സഹായിക്കുന്ന കുട്ടികളുടെ കഥയാണിത്. ഇത്തരം കഥകളിലൂടെ സഹജീവികളോടുള്ള സ്നേഹം എന്ന മനോഭാവം രൂപപ്പെടേണ്ടതുണ്ട്. ഇത്തരം മൂല്യങ്ങൾ സ്വായത്തമാക്കുന്നതോടെ നമ്മുടെ കുട്ടികൾ നല്ല മനുഷ്യരായി വളരുന്നതിനിടയാക്കും.



ഭാഗം 4 ഇതൾ 4

# കഥ പറയുന്ന വസ്ത്രങ്ങൾ

## ആമുഖം

പിന്നിട്ട വഴികൾ എന്ന പ്രമേയത്തിലൂന്നി കാലവും സ്ഥലവും പദവിയും, വസ്ത്രത്തിലും ഒരുപാടു മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും വരുത്തുന്നുണ്ടെന്നും പരിചയപ്പെടുത്തുന്ന പാഠഭാഗമാണ് കഥപറയുന്ന വസ്ത്രങ്ങൾ. മനുഷ്യരെപ്പോലെ മാന്യമായി വസ്ത്രം ധരിക്കാനും നീണ്ട സമരങ്ങൾ വേണ്ടിവന്നിട്ടുണ്ട് എന്ന വസ്തുതയും ഇവിടെ പരാമർശിക്കുന്നുണ്ട്. അല്ലിമലർക്കാവിൽ കൂത്തുകാണാൻ പോകാനായി ഒരുങ്ങുന്ന ഉണ്ണിയാർച്ചയെക്കുറിച്ചുള്ള വടക്കൻ പാട്ടിലെ വരികളിലൂടെയാണ് പാഠത്തിലേക്ക് പ്രവേശിക്കുന്നത്. തുടർന്ന് 'വസ്ത്രത്തിന്റെ കഥ' യിലൂടെ മാന്യമായി വസ്ത്രം ധരിക്കാൻ വേണ്ടി നടത്തിയ സമരത്തിന്റെ സൂചനയിലൂടെയും പാഠം വികസിക്കുന്നു. കുട്ടികൾക്ക് സ്വയം ചെയ്യുന്നതിനായി കുഞ്ഞുടുപ്പ് ചിണ്ടനെലിയിൽനിന്ന് രക്ഷപ്പെട്ട കഥയെഴുതാനും, ടീ ഷർട്ടും മാസ്ക്കും തമ്മിലുള്ള സംഭാഷണമെഴുതാനും, അറിയാവുന്ന വസ്ത്രങ്ങളുടെ ചിത്രം വരച്ച് പേരെഴുതാനുമുള്ള അവസരം നൽകിയിട്ടുണ്ട്. തുടർന്ന് വായിച്ചു രസിക്കാനായി ഗാന്ധിജിയും കുട്ടികളുമായി ബന്ധപ്പെട്ട ഒരു സംഭവകഥ 'വസ്ത്രമില്ലാത്തവരെയോർത്ത്' എന്ന പേരിൽ നൽകിയിട്ടുണ്ട്.

## പഠനനേട്ടങ്ങൾ

- പരിചിത സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ച് വിവരങ്ങൾ കേൾക്കുന്നു, പറയുന്നു, വായിക്കുന്നു, എഴുതുന്നു.

| ഊന്നൽ അക്ഷരങ്ങൾ, ചിഹ്നങ്ങൾ, ഭാഷാവസ്തുതകൾ | വ്യവഹാര രൂപങ്ങൾ |
|---|---|
| ത്ത, ട്ട, ണ്ണ, യ്യ, ണ്ട | വിവരണം, കഥ, സംഭാഷണം |

## സാമഗ്രികൾ

- വിവിധതരം വസ്ത്രം ധരിച്ചവരുടെ ചിത്രങ്ങൾ

## പ്രവർത്തനങ്ങൾ

### ചിത്രവായന

ചിത്രത്തിലെ സുന്ദരി എന്തെല്ലാം ചമയങ്ങൾ ആണ് അണിയുന്നത്?

**അഞ്ജനം, കുങ്കുമം, കസ്തൂരി,**

**കളഭം, പച്ചോലപ്പട്ട്, സ്വർണ്ണത്തോട**

വിശേഷാവസരങ്ങളിൽ ഇപ്പോൾ നാം എങ്ങിനെയെല്ലാമാണ് അണിഞ്ഞൊരുങ്ങാറുള്ളത്?

ചിത്രത്തിലെ അണിഞ്ഞൊരുങ്ങുന്ന സുന്ദരി നമുക്ക് ആരാണ് എന്നറിയണ്ടേ?

### പാഠാവതരണം

'ഉണ്ണിയാർച്ചയുടെ ഒരുക്കം' - വടക്കൻ പാട്ടു വരികൾ ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. പുതിയ ഈണം കണ്ടെത്തി പാടാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. 'ഓഡിയോ' കേൾപ്പിക്കുന്നു.

### വിവരണം തയാറാക്കാം

ആരാണ് ചമഞ്ഞ് ഒരുങ്ങുന്നത്?

എന്തിനു വേണ്ടിയാണ് ഒരുങ്ങുന്നത്?

തലമുടി കെട്ടിവച്ചതിനെക്കുറിച്ച് എന്താണ് പാട്ടിൽ പറഞ്ഞിട്ടുള്ളത്?

ഉണ്ണിയാർച്ച കണ്ണെഴുതിയത് എന്തുപയോഗിച്ചാണ്?

പൊട്ടുകുത്താൻ എന്താണ് ഉപയോഗിച്ചത്?

എന്തെല്ലാമാണ് വാരിപ്പൂശിയത്?

ചമയങ്ങൾ സൂക്ഷിച്ചിരുന്ന പെട്ടിക്ക് പറയുന്ന പേരെന്ത്?

പെട്ടി തുറന്ന് ധരിക്കാനെടുത്ത പട്ടിനെക്കുറിച്ച് പാട്ടിൽ പറഞ്ഞിട്ടുള്ള വിശേഷണമെന്ത്?

ഏതുവിധമാണ് പട്ട് ഉടുത്തത്?

കാതിലണിഞ്ഞ ആഭരണത്തിന്റെ പേരെന്ത്?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം, കുട്ടികളിൽനിന്നും സ്വാഭാവികമായി ആശയഗ്രഹണം നടന്നതിനുശേഷം ലഭിക്കുന്നു എന്ന് ഉറപ്പാക്കണം. തുടർന്ന് ഉണ്ണിയാർച്ചയുടെ ചമയങ്ങളെക്കുറിച്ച് ഓരോ കുട്ടിയും സ്വന്തമായി വിവരണം എഴുതുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു.

ഓരോ കുട്ടിയും ഉണ്ണിയാർച്ചയുടെ ചമയങ്ങളെ കുറിച്ചുള്ള സ്വന്തം വിവരണം പാഠപുസ്തകത്തിൽ തന്നിട്ടുള്ള ഭാഗത്ത് എഴുതിച്ചേർക്കുന്നു.

**ഉണ്ണിയാർച്ച പീലിമുടി കെട്ടിവച്ചു**
**അഞ്ജനം കൊണ്ട് കണ്ണെഴുതി**
**കുങ്കുമം കൊണ്ട് പൊട്ടുകുത്തി**
**കസ്തൂരിയും കളഭവും പൂശി**
**മെയ്യാഭരണപ്പെട്ടി തുറന്ന് ഏഴുകടൽക്കക്കരെ നിന്നും വന്ന പച്ചോലപ്പട്ട് പുറത്തെടുത്തു.**
**ചുളി തീർത്ത് പൂക്കുലഞൊറിവച്ച് ഉടുത്തു.**
**കാതിൽ പൊൻതോടയണിഞ്ഞു.**

## വസ്ത്രത്തിന്റെ കഥ

പണ്ടു പണ്ട് മിക്ക മനുഷ്യരും ചെരുപ്പില്ലാതെയാണ് നടന്നിരുന്നത്.

പിന്നെ ചിലർ മരം കൊണ്ടുള്ള മെതിയടി ധരിക്കാൻ തുടങ്ങി.

പിന്നെപ്പിന്നെ തുകൽകൊണ്ടും റബ്ബർകൊണ്ടും പ്ലാസ്റ്റിക് കൊണ്ടും ഒക്കെയുള്ള ചെരുപ്പുകൾ വന്നു.

ഇന്ന് പല തരത്തിൽ പല വിലയിൽ ചെരുപ്പുകൾ ഉണ്ട്.

ഇതുപോലെ വസ്ത്രത്തിന്റെ കഥ പറഞ്ഞാലോ? എങ്ങിനെയിരിക്കും?

സംവാദം. പിന്നീട് ചിത്രവായന. തുടർന്ന് പാഠഭാഗം വായിച്ച് അവതരിപ്പിക്കുന്നു. (പണ്ടു പണ്ട്.... ഒരുപാട് പറയാനുണ്ട്.)

## ആശയഗ്രഹണ ചോദ്യങ്ങൾ

- പണ്ട് മനുഷ്യർ എങ്ങനെയാണ് നടന്നിരുന്നത്?
- ജന്മനാ മനുഷ്യന് ഏത് സൗകര്യമാണ് ഇല്ലാതിരുന്നത്?
- ആദ്യ കാലത്ത് മനുഷ്യർ വസ്ത്രത്തിനു പകരം എന്തെല്ലാമാണ് ഉപയോഗിച്ചിരുന്നത്?
- ഇന്ന് മനുഷ്യൻ വസ്ത്രം ഉണ്ടാക്കുന്നതിനുവേണ്ടി എന്തെല്ലാമാണ് ഉപയോഗിക്കുന്നത്?

### വസ്ത്ര ചിത്ര ആൽബം

പലതരം വസ്ത്രങ്ങൾ ധരിച്ചവരുടെ ചിത്രങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ. ആൽബം തയാറാക്കട്ടെ. ഓരോ ചിത്രത്തിനും കീഴെ വസ്ത്രങ്ങളുടെ പേര് എഴുതിച്ചേർക്കട്ടെ.

### സാരിയും ബ്ലൗസും

ചിത്രം നിരീക്ഷിച്ച് മുന്നനുഭവങ്ങൾ ചേർത്ത് കുട്ടികൾ പറയട്ടെ. പാഠഭാഗത്ത് ഒഴിവിട്ട സ്ഥലത്ത് എഴുതിച്ചേർക്കട്ടെ.


ഉദാ: ഇത് സ്ത്രീകളുടെ വേഷമാണ്.

സാരി നീളം കൂടിയ വസ്ത്രമാണ്.

ഇന്ത്യാക്കാരാണ് സാരി പ്രധാനമായും ഉപയോഗിക്കുന്നത്.

സാരി പല തരമുണ്ട്. പല നിറമുണ്ട്.

### വസ്ത്രം ധരിക്കാനും സമരം



- ചിത്രത്തിൽ ആരെല്ലാം?
- എന്താവാം അവിടെ നടക്കുന്നത്?
- ഈ സംഭവം ഏതുകാലത്ത് നടക്കുന്നതാവാം?

തുടർന്ന് ചാർട്ടിൽ എഴുതിയ പാഠഭാഗം ടീച്ചർ വായിക്കുന്നു. (ആരാടീ... നടന്നിട്ടുണ്ട്)

- തമ്പുരാൻ പെൺകുട്ടിയോട് കയർത്തത് എന്തിന്?
- എന്തായിരുന്നു പെൺകുട്ടിയുടെ മറുപടി?
- തമ്പുരാൻ എന്തിനാണ് അവളുടെ വസ്ത്രം വലിച്ചു കീറാൻ ആഞ്ജാപിച്ചത്?
- ഇന്നത്തെപ്പോലെ നമുക്കിഷ്ടപ്പെട്ട വസ്ത്രം ധരിക്കാനുള്ള അവകാശം നമുക്ക് ലഭിച്ചത് എങ്ങിനെയാണ്?

### പേരെഴുതാം

പഴയകാലത്ത് മനുഷ്യർ ഉപയോഗിച്ചിരുന്ന ഏതെല്ലാം വസ്ത്രങ്ങളുടെ പേരുകൾ അറിയാം?

| | |
|---|---|
| മരവുരി | കോണകം |
| റൗക്ക | തോർത്തുമുണ്ട് |
| മുറിക്കയ്യൻ കുപ്പായം | മേൽമുണ്ട് |
| തലപ്പാവ് | ചട്ട/കാച്ചി |
| ഉത്തരീയം | |


ഇന്ന് നാം ഉപയോഗിക്കുന്ന വസ്ത്രങ്ങളുടെ എത്ര പേരുകൾ നിങ്ങൾക്കറിയാം? കുട്ടികൾ പരമാവധി കണ്ടെത്തട്ടെ.

*ഉദാഹരണം:*

| | |
|---|---|
| ലാച്ച | ഷർട്ട് |
| മിഡി | ഓവർക്കോട്ട് |
| ചുരിദാർ | ടൈ |
| പാന്റ്സ് | ടീ ഷർട്ട് |

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള സ്ഥലത്ത് കുട്ടികൾ പഴയകാല വസ്ത്രങ്ങളുടെയും ഇന്നത്തെ വസ്ത്രങ്ങളുടെയും പേരുകൾ സ്വന്തമായി എഴുതിച്ചേർക്കട്ടെ. ഇവയിൽ സ്തീകൾ ധരിക്കുന്നവ, പൊതുവായവ എന്നിവ കണ്ടെത്തട്ടെ.

## എനിക്കു കഴിയും



കുട്ടികളുടെ ഗ്രൂപ്പുകൾ - ഒരു ഗ്രൂപ്പിൽ 4-5 പേർ. ചിത്രം നോക്കി ഓരോ ഗ്രൂപ്പും കഥ മെനഞ്ഞുണ്ടാക്കുന്നു. എഴുതി തയാറാക്കുന്നു. കൂടുതൽ ചിത്രങ്ങൾ വരച്ചു ചേർക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.


എല്ലാ ഗ്രൂപ്പുകളുടേയും കഥകൾ ചേർത്ത് പതിപ്പ് തയാറാക്കുന്നു.

മികച്ച കഥ 'പൂക്കാലം' വെബ് മാസികയിലേക്ക് അയച്ചുകൊടുക്കുന്നു.

ടീഷർട്ടും മാസ്ക്കും - സംഭാഷണം

ടീ ഷർട്ടും മാസ്ക്കും തമ്മിൽ പറയാനിടയുള്ള സംഭാഷണം കുട്ടികൾ തനിയെ ഭാവനയിൽ കണ്ടെത്തി എഴുതേണ്ടതാണ്.

മാസ്ക്ക് ധരിക്കുന്നത് സർവ്വസാധാരണമായത് കൊവിഡ് - 19 മൂലമാണെന്നും ഈ മഹാമാരിയുടെ രോഗാണുവിനെ അകറ്റാൻ മാസ്ക്ക് അനിവാര്യമാണെന്നും ഇത് മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാൻ ഓരോരുത്തരും എടുക്കേണ്ട മുൻകരുതലിന്റെ ഭാഗമാണെന്നും ഉള്ള ആശയങ്ങൾ ചർച്ചയിലൂടെ കുട്ടികൾക്ക് ലഭിക്കാൻ അവസരം ഒരുക്കുന്നത് നല്ലതാണ്.



### ചിത്രം വരച്ചു പേരെഴുതാം

പാഠപുസ്തകത്തിൽ തന്നിട്ടുള്ള സ്ഥലത്ത് അറിയാവുന്ന വസ്ത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു. ചുവടെ അവയുടെ പേരെഴുതുന്നു.

### വസ്ത്രമില്ലാത്തവരെയോർത്ത്

ഈ ഗാന്ധിക്കഥ കുട്ടികൾക്കു തനിയെ വായിച്ചു രസിക്കാനുള്ളതാണ്. അപരസ്നേഹം പ്രമേയമായ സമാനമായ കഥകൾ കുട്ടികളെ പരിചയപ്പെടുത്താം.

## കണിക്കൊന്ന പഠനനേട്ടങ്ങൾ

1) സംഭാഷണം, ചർച്ച എന്നിവയിൽ പങ്കെടുത്ത് ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കുന്നു.
2) പരിചിതങ്ങളായ സംഭവങ്ങൾ, വസ്തുക്കൾ, വ്യക്തികൾ തുടങ്ങിയവയെക്കുറിച്ച് വിവരണങ്ങൾ കേൾക്കുന്നു, പറയുന്നു, വായിക്കുന്നു, എഴുതുന്നു.
3) കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, വാക്യങ്ങൾ, പദങ്ങൾ എന്നിവ ഉപയോഗിച്ച് ഭാഷാകേളികളിൽ ഏർപ്പെടുന്നു.
4) കുട്ടിക്കവിതകൾ, നാടൻ പാട്ടുകൾ, വായ്ത്താരികൾ, പദങ്ങൾ എന്നിവ ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു.
5) മലയാള സിനിമാഗാനങ്ങൾ ആസ്വദിച്ച് ഒറ്റയ്ക്കും കൂട്ടായും ആലപിക്കുന്നു.
6) ചിത്രം, ചിത്രകഥകൾ എന്നിവ അടിസ്ഥാനമാക്കി കഥകൾ പറയുന്നു, അനുയോജ്യമായ തലക്കെട്ടുകൾ നൽകുന്നു.
7) കഥാപാത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ട് സംഭാഷണങ്ങൾ ഭാവമാറ്റങ്ങളോടെ അവതരിപ്പിക്കുന്നു.
8) പരിചിത കഥകളെ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു.
9) റോൾപ്ലേ, മൂകാഭിനയം, ലഘുനാടകം എന്നിവയിൽ പങ്കാളികളാകുന്നു.
10) കേരളത്തിലെയും മറുനാട്ടിലെയും നവോത്ഥാന നായകരുടെ ചിത്രങ്ങളും സംഭാവനകളും ശേഖരിച്ച് പതിപ്പുകൾ രൂപപ്പെടുത്തുന്നു.
11) നാടൻ സംഘക്കളികളിൽ ഏർപ്പെടുന്നു. കളിവിവരണങ്ങൾ വാചികമായി അവതരിപ്പിക്കുന്നു.
12) കളിപ്പാട്ടുകൾ, കുട്ടിക്കഥകൾ എന്നിവ ശേഖരിക്കുന്നു.
13) നവോത്ഥാന നായകരുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുന്നു. ലഘുപ്രശ്നോത്തരികളിൽ ഏർപ്പെടുന്നു.
14) നാടോടി വാങ്മയങ്ങൾ, നാട്ടറിവുകൾ, ചൊല്ലുകൾ, കടങ്കഥകൾ, ശൈലികൾ എന്നിവ ശേഖരിക്കുന്നു, പങ്കുവയ്ക്കുന്നു.
15) സാധ്യതകൾക്കനുസരിച്ച് വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി എല്ലാവരുടെയും പങ്കാളിത്തത്തോടെ ദിനാചരണങ്ങൾ (പരിസ്ഥിതിദിനം, കർഷകദിനം, കേരളപ്പിറവിദിനം, വായനദിനം, ബഷീർ ദിനം....) ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. ലഘുപതിപ്പുകൾ തയാറാക്കുന്നു.
16) ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായും പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചും നിരീക്ഷിച്ചും ചോദിച്ചും ശേഖരിച്ച വിവരങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പങ്കുവയ്ക്കുന്നു. (വാചിക വിവരണം, ചിത്രീകരണം....)
17) സാഹിത്യസമാജങ്ങളിലും മലയാളി കൂട്ടായ്മകളിലും പാഠഭാഗങ്ങളുടെ നൈസർഗിക കഴിവുകളുടെയും ആവിഷ്കരണങ്ങൾ നടത്തുന്നു.
18) ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലെ തെരഞ്ഞെടുത്ത മലയാളം പരിപാടികൾ കണ്ട് ആശയങ്ങൾ പങ്കുവയ്ക്കുന്നു.



**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

**സെക്രട്ടേറിയറ്റ്**
തിരുവനന്തപുരം-695 001

നം.530/പ്രസ്/സി.എം.ഒ/2020. സെപ്തംബർ 22 2020.

**സന്ദേശം**

മലയാളം മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കണിക്കൊന്ന സർട്ടിഫിക്കറ്റ് കോഴ്സിനുള്ള പാഠപുസ്തകം കാലികമായി പരിഷ്കരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

നമ്മുടെ മാതൃഭാഷ, സംസ്കാരം, സാഹിത്യം, ചരിത്രം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സരളമായും ഹൃദ്യമായുമാണ് തയ്യാറാക്കിയിട്ടുള്ളത്. ലോകമെങ്ങുമുള്ള കുട്ടികൾക്ക് മലയാള നാടിനെകുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഈ പുസ്തകം ഉപകാരപ്രദമാകുമെന്ന് കരുതുന്നു. ഇതിന് മുൻകൈയെടുത്ത മലയാളം മിഷനെ അഭിനന്ദിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Malayalam Mission
Department of Cultural Affairs
malayalammissionkerala01@gmail.com

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in

**ശിൽപശാലകൾക്ക് നേതൃത്വം നൽകിയവർ**
പ്രൊഫ. സുജ സൂസൻ ജോർജ്ജ്
സേതുമാധവൻ എം.
ഡോ. എം.ടി. ശശി
എം.വി. മോഹനൻ
പി.ടി. മണികണ്ഠൻ പന്തല്ലൂർ
ഡോ. കെ.പി. രത്നാകരൻ
എടപ്പാൾ സി. സുബ്രഹ്മണ്യൻ
രാധാകൃഷ്ണൻ ആലുവീട്ടിൽ
വി.എസ്. ബിന്ദു
ബാലഗോപാലൻ എം.പി.
സുരേഷ് ബാബു കെ.കെ.
ഡോ. ആർ. വിജയമോഹൻ

**കവർ ഡിസൈൻ**
സഹജൻ വി.എം.

**ടൈപ്പ് സെറ്റിംഗ് & ലെഔട്ട്**
അജയ്ലാൽ പി.പി.

**ചിത്രീകരണം**
സന്തോഷ് വെളിയന്നൂർ
ബൈജുദേവ്

**പ്രൂഫ് റീഡിംഗ്**
ഡോ. കെ. ബീന
പശ്ചാത്തല സഹായം
ആഷ മേരി ജോൺ
അനീഷ് എസ്.

**ശിൽപശാലകളിൽ പങ്കാളികളായവർ**
എം.സി. അരവിന്ദൻ
അംബിക പി. മേനോൻ
അനില സി.കെ.
രാമചന്ദ്രൻ മഞ്ചറമ്പത്ത്
ബിന്ദു ജയൻ
ജയശ്രീ പ്രകാശ്
രാജേശ്വരി നായർ
ദാമോദരൻ കെ.
ബിലു സി. നാരായണൻ
സ്മിത പി.ആർ.
ഡോ. കെ.ജെ. അജയകുമാർ
വിജു എൽ.എൻ.
ബീനഎൽ.
ഷീജ സി.കെ.
മഹേഷ്കുമാർ എം.ആർ.
മനോജ് പി.എസ്.
ഡോ. കെ. ബീന
അനിൽ മങ്കട
സുരേഷ് കൊളശ്ശേരി
മണിശങ്കർ പി.കെ.
സെബു ജെ.ആർ.
ഉദയകുമാർ എസ്.
ഡോ. കെ. കമറുന്നീസ